KERALA BANK
Kerala State Co-operative Bank

മഴവില്ല്

Bimonthly Newsletter of Kerala State Co-operative Bank
കേരള ബാങ്ക് ബുള്ളറ്റിൻ | Volume 04 | Issue 05 | October & November 2024

കർഷക ഉല്പാദക സംഘങ്ങളും കേരള ബാങ്കും...

Kerala Bank
Kerala State Co-operative Bank

ചീഫ് എഡിറ്റർ
ഗോപി കോട്ടമുറിയ്ക്കൽ
പ്രസിഡന്റ്

മാനേജിംഗ് എഡിറ്റർ
റോയ് എബ്രഹാം
ചീഫ് ജനറൽ മാനേജർ

പത്രാധിപ സമിതി
ഡോ. ആർ. ശിവകുമാർ
(ജനറൽ മാനേജർ, BPCC)
ജെ.എസ്. ബബ്‌ലു
(പ്രിൻസിപ്പൽ പിആർഒ)
സി.സഹദ് (പിആർഒ)
റീനമോൾ റ്റി (പിആർഒ)
അഭിജിത്ത് റ്റി (പിആർഒ)
ഹാറൂൺ റഷീദ് (പിആർഒ)
ജയ്കർ റ്റി.എസ് (പിആർഒ)

ഉള്ളടക്കം

എഡിറ്റോറിയൽ	3
വാർഷിക പൊതുയോഗവും സഹകാരി സംഗമവും	6
ബിസിനസിൽ മുന്നേറാം.	8
PACS AND FARMER PRODUCER ORGANISATIONS _ A WIN - WIN PARTNERSHIP	12
FPO രൂപീകരണം മാർഗ്ഗനിർദ്ദേശങ്ങൾ	15
FPO സംഘാടനവും ധനസഹായവും	20
കേരള ബാങ്കിന്റെ നേതൃത്വത്തിൽ പ്രവർത്തനം ആരംഭിച്ച FPO കൾ	22
ART OF LENDING	29
RBI S MONTHLY MONETARY POLICY STATEMENT-OCT 2024	32
PACS AS MSC വിജയഗാഥകൾ	36

കാർഷിക മുന്നേറ്റം FPOകളിലൂടെ.....

കേരളത്തിന്റെ കാർഷികമുന്നേറ്റത്തിനായുള്ള സംസ്ഥാന സർക്കാരിന്റെ വിവിധ പ്രവർത്തനങ്ങളിൽ ഏറ്റവും ശക്തമായ പിന്തുണയാണ് സഹകരണമേഖല നൽകിവരുന്നത്. പ്രത്യേകിച്ച് കേരള ബാങ്ക്. കേരള ബാങ്കിന്റെ ശാഖകളിലൂടെ മാത്രം 3251.61 കോടിരൂപയാണ് കാർഷിക, കാർഷിക അനുബന്ധമേഖലയ്ക്കായി 2023-24 സാമ്പത്തിക വർഷം വിതരണം ചെയ്തത്. കൂടാതെ പ്രാഥമിക കാർഷികവായ്പാ സംഘങ്ങളിലൂടെ കർഷകർക്ക് കുറഞ്ഞ നിരക്കിൽ കാർഷികവായ്പ അനുവദിക്കുന്നതിന് 11113 കോടിരൂപയാണ് കഴിഞ്ഞ സാമ്പത്തിക വർഷം നബാർഡിൽ നിന്ന് പുനർവായ്പയായി കേരള ബാങ്ക് സ്വീകരിച്ചത്. ഈ രീതിയിൽ കാർഷിക മുന്നേറ്റത്തിനും കർഷക ശാക്തീകരണത്തിനുമായി കേരള ബാങ്ക് നടത്തിവരുന്ന പദ്ധതികളിൽ ഇന്ന് ഏറ്റവും ജനശ്രദ്ധ ആകർഷിക്കുന്നതാണ് കർഷക ഉല്പാദകസംഘങ്ങളുടെ രൂപീകരണം (FPO). കൃഷിയിലും അനുബന്ധമേഖലയിലും ഇടത്തട്ടുകാരാൽ വിഷമിക്കുന്ന നാമമാത്ര ചെറുകിട കർഷകരേയും സംരംഭകരേയും ശാക്തീകരിക്കുന്നതിനും, അവർക്ക് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും ഏറ്റവും ഫലപ്രദമായ ഒരു പദ്ധതി എന്ന നിലയിലാണ് FPOകളുടെ സംഘാടനത്തിന് കേരള ബാങ്ക് പ്രത്യേക ശ്രദ്ധ നൽകുന്നത്. കേരളത്തിലാകെ 100 FPO കൾ രൂപീകരിക്കുക എന്ന ബാങ്കിന്റെ ലക്ഷ്യത്തിന് പിന്തുണയായി സംസ്ഥാന സർക്കാർ കഴിഞ്ഞ സാമ്പത്തിക വർഷം 10 കോടിരൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. കേരളത്തിലെ 14 ജില്ലാകേന്ദ്രങ്ങളിലും, വിവിധ കാർഷിക കേന്ദ്രങ്ങളിലും നടത്തിയ പ്രചാരണ യോഗങ്ങളുടെയും, ചർച്ചകളുടെയും ഫലമായി നിലവിൽ രൂപീകരിക്കപ്പെട്ട 36 കർഷക ഉല്പാദകസംഘങ്ങളുടെ പ്രവർത്തനങ്ങൾ പല ഘട്ടങ്ങളിലായി പുരോഗമിച്ചു വരുകയാണ്.

കേരള ബാങ്കിന്റെ രൂപീകരണ മാസമായ നവംബർ നമുക്ക്ഏറ്റവും പ്രിയപ്പെട്ടതാണ്. 2024 നവംബർ 29 ന് 5 വർഷം പൂർത്തിയാക്കി 6-ാം വർഷത്തിലേയ്ക്ക് കടക്കുമ്പോൾ ചുരുങ്ങിയ കാലംകൊണ്ട് നമ്മൾ നേടിയ നേട്ടങ്ങളിൽ ഉറച്ചു നിന്നുകൊണ്ട് ഇനിയും കൈയടക്കാനുള്ള വലിയ ലക്ഷ്യങ്ങൾക്കായുള്ള പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതായിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷം 6 മാസം പിന്നിടുമ്പോൾ 2024 മാർച്ചിനെ അപേക്ഷിച്ച് മെച്ചപ്പെട്ട പ്രവർത്തന റിപ്പോർട്ടാണ് ലഭ്യമായിട്ടുള്ളത്. ബാങ്കിന്റെ വളർച്ച ലക്ഷ്യമാക്കിയുള്ള തീവ്ര പ്രവർത്തനങ്ങളും, NPA നിർമ്മാർജ്ജനത്തിനായുള്ള 'മിഷൻ 166' ക്യാമ്പയിനും അടുത്ത 6 മാസംഏറ്റവും ശക്തമായി ഏറ്റെടുക്കാൻ ഓരോ ജീവനക്കാരനും തയ്യാറാവണം.

കേരളത്തിന്റെ സാമ്പത്തിക ഭദ്രതയിൽ പ്രത്യേകിച്ച് കർഷകരുടെയും, ചെറുകിട സംരംഭകരുടെയും, തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിൽ കേരള ബാങ്കിന്റെ സ്വാധീനം വളരെ പ്രസക്തമാണ്. ഈ സാമൂഹിക പ്രതിബദ്ധത ഉൾക്കൊണ്ട് നമുക്ക് ഒരുമിച്ച് മുന്നേറാം .....

കർഷക ഉല്പാദകസംഘങ്ങളുടെ ശാക്തീകരണത്തിനായി കേരള ബാങ്ക് നൽകുന്ന പ്രാധാന്യം കണക്കിലെടുത്ത് മഴവില്ലിന്റെ ഈ ലക്കം കർഷക ഉല്പാദകസംഘങ്ങളുടെ പ്രത്യേക പതിപ്പായി അവതരിപ്പിക്കുന്നു.

ഗോപി കോട്ടമുറിയ്ക്കൽ
പ്രസിഡന്റ്, കേരളബാങ്ക്

KERALA BANK
KERALA BANK
HEAD OFFICE BRANCH
KERALA BANK
HEAD OFFIC

5th ANNIVERSARY

KERALA BANK
Kerala State Co-operative Bank

2019 നവംബർ 29 ന് രൂപീകൃതമായ
കേരളബാങ്ക് 2024 നവംബർ 29 ന്
5 വർഷം പൂർത്തിയാക്കി
6-ാം വർഷത്തിലേക്ക് കടക്കുന്നു

823 ശാഖകളും
7 റീജിയണൽ ഓഫീസുകളും
14 ജില്ലാ ഓഫീസുകളുമുള്ള കേരള ബാങ്കിന്റെ
ഹെഡ് ഓഫീസ് തിരുവനന്തപുരത്താണ്.
എറണാകുളത്ത് ബാങ്കിന്റെ കോർപറേറ്റ്
ബിസിനസ് ഓഫീസും പ്രവർത്തിക്കുന്നു.

വാർഷിക പൊതുയോഗവും
സഹകാരി സംഗമവും

KERALA BANK
Kerala State Co-operative Bank

കേരള ബാങ്കിൻ്റെ നാലാം വാർഷിക പൊതുയോഗവും സഹകാരി സംഗമവും സെപ്റ്റംബർ 26-ാം തീയതി തിരുവനന്തപുരം അൽസാജ് കൺവെൻഷൻ സെൻ്ററിൽ ബഹു.സഹകരണ ദേവസ്വം വകുപ്പ് മന്ത്രി ശ്രീ. വി. എൻ വാസവൻ ഉദ്ഘാടനം ചെയ്തു. കഴിഞ്ഞ സാമ്പത്തിക വർഷത്തേക്കാൾ 10 ഇരട്ടി വളർച്ചയാണ് അറ്റലാഭത്തിൽ ബാങ്ക് നേടിയതെന്നും അടുത്ത സാമ്പത്തിക വർഷം അംഗസംഘങ്ങൾക്ക് ലാഭവിഹിതം നൽകാൻ കേരള ബാങ്കിന് കഴിയുമെന്നും മന്ത്രി അറിയിച്ചു. സഹകരണമേഖലയിലെ സമകാലീന വിഷയങ്ങളെക്കുറിച്ചും പുതിയ സഹകരണ നിയമഭേദഗതികളെക്കു

റിച്ചുംസംഗമത്തിൽപങ്കെടുത്തസഹകാരികളോട്മന്ത്രിവിശദമായിസംസാരിച്ചു. ബാങ്ക് പ്രസിഡൻ്റ് ശ്രീ. ഗോപി കോട്ട മുറിയ്ക്കൽ അധ്യക്ഷനായ വാർഷിക പൊതുയോഗത്തിൽ സംഘത്തിലെ 1300 ഓളം പ്രതിനിധികൾ പങ്കെടുത്തു. ബാങ്ക് വൈസ് പ്രസിഡൻ്റ് ശ്രീ. എം. കെ കണ്ണൻ സ്വാഗതം ആശംസിച്ചു. പ്രവർത്തന റിപ്പോർട്ട് അവതരണം ബാങ്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. ജോർട്ടി എം. ചാക്കോ നിർവഹിച്ചു.

സഹകരണ വകുപ്പ് സെക്രട്ടറി ശ്രീമതി വീണ എൻ മാധവൻ IAS, സഹകരണ സംഘം രജിസ്ട്രാർ (i/c) ശ്രീ ജ്യോതിപ്രസാദ് , ബോർഡ് ഓഫ് മാനേജ്മെൻ്റ് ചെയർമാൻ ശ്രീ. വി. രവീന്ദ്രൻ, ഭരണസമിതി അംഗങ്ങൾ, ബോർഡ് ഓഫ് മാനേജ്മെൻ്റ് അംഗങ്ങൾ, ചീഫ് ജനറൽ മാനേജർമാരായ ശ്രീ. റോയ് എബ്രഹാം, ശ്രീ. എ.ആർ. രാജേഷ്, ജനറൽ മാനേജർമാർ എന്നിവർ പങ്കെടുത്തു. അഡ്വ: എസ്. ഷാജഹാൻ നന്ദി അറിയിച്ചു.

ജോർട്ടി എം ചാക്കോ
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

അർദ്ധവർഷം പിന്നിടുമ്പോൾ

ബിസിനസ്സിൽ മുന്നേറാം...

"മലയാളിയുടെ സ്വന്തം ബാങ്ക്" എന്ന മാർക്കറ്റിംഗ് മുദ്രാവാക്യവുമായി പുതിയ സാമ്പത്തിക വർഷം ആരംഭിച്ച കേരള ബാങ്ക് Customer, Compliance, Credit Quality എന്നീ ലക്ഷ്യങ്ങളിലൂന്നിയാണ് മുന്നോട്ട് പോകുന്നത് 2024-25 സാമ്പത്തിക വർഷത്തിൽ അർദ്ധവർഷം പൂർത്തിയാക്കുമ്പോൾ നമുക്ക് കുറെയേറെ നേട്ടങ്ങൾ കൈവരിക്കാനായിട്ടുണ്ട്.

- 2024 മാർച്ചിലെ നില വച്ച് പരിശോധിക്കുമ്പോൾ ബാങ്കിലെ വ്യക്തിഗത സ്ഥിര നിക്ഷേപത്തിൽ 341 കോടി രൂപയുടെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. ഇത് ജനങ്ങൾക്കിടയിൽ കേരള ബാങ്കിനെ സംബന്ധിച്ച വിശ്വാസ്യതയേയും മതിപ്പിനെയും സൂചിപ്പിക്കുന്നു.
- ബാങ്കിൻറെ വായ്പാ നിൽപ്പുബാക്കിയിൽ 895 കോടി രൂപയുടെ അറ്റ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. മുൻവർഷം ഇക്കാലയളവിൽ ഇത് 200 കോടി രൂപ കുറവായിരുന്നു. നിലവിൽ ബാങ്കിൻറെ വായ്പാ - നിക്ഷേപ അനുപാതം നാളിതുവരെയുള്ള ഉയർന്ന നിലവാരമായ 74.90 ശതമാനമാണ്.
- 2024 ഏപ്രിൽ മുതൽ കഴിഞ്ഞ 6 മാസത്തെ പ്രവർത്തന കാലയളവിൽ 502409 പുതിയ വായ്പകളിലായി 10419 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. ഇത് കഴിഞ്ഞ വർഷം ഇക്കാലയളവിൽ 8140 കോടി രൂപ ആയിരുന്നു. YoY 28% വർദ്ധനവ് നേടാൻ നമുക്ക് കഴിഞ്ഞു.
- 2023 സെപ്റ്റംബർ മാസത്തെ നില താരതമ്യപ്പെടുത്തിയാൽ (YoY) ബാങ്കിൻറെ നിഷ്ക്രിയ ആസ്തിയിൽ (NPA) 2500 കോടി രൂപ കുറവ് വന്നിട്ടുണ്ട്.
- 2024 ഏപ്രിൽ 1 മുതൽ സെപ്റ്റംബർ 30 വരെ 154772 CASA അക്കൗണ്ടുകൾ പുതുതായി ആരംഭിച്ചു. ഇത് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 50000 എണ്ണം മുന്നിലാണ്.

- കേരള ബാങ്ക് മൊബൈൽ ആപ്പ് 220000 ഉപഭോക്താക്കൾ (15%) ഉപയോഗിച്ചുവരുന്നു. കേരള ബാങ്ക് Mobile App ലൂടെ ദിനംപ്രതി ശരാശരി 23 കോടി രൂപയുടെ ഇടപാടുകൾ നടക്കുന്നുണ്ട്. 500 ATM - കൾ സ്ഥാപിക്കുന്നതിനും QR കോഡ് അധിഷ്ഠിത ബാങ്കിംഗ് ആരംഭിക്കുന്നതിനുമുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.
- പ്രാഥമിക കാർഷിക വായ്പാസംഘങ്ങളുടെ വായ്പാ നീക്കിയിരുപ്പിൽ (മൊത്തം വായ്പയുടെ 25.23%) നിഷ്ക്രിയ ആസ്തി ക്രമാതീതമായി വർദ്ധിക്കുന്നുണ്ടെങ്കിലും അവയുമായുള്ള ജൈവബന്ധം വളർത്തുന്നതിന് വിവിധങ്ങളായ നടപടികൾ എടുത്തുവരുന്നു. NODC - യുടെ 100% വരെ വായ്പ അനുവദിക്കാൻ ഭരണ സമിതി എടുത്ത തീരുമാനം അവയിൽ പ്രധാനമാണ്. നിഷ്ക്രിയ ആസ്തിയുടെ തിരിച്ചടവിന് വേണ്ടി RCS - മായി ചേർന്ന് യോഗം നടത്താനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. 1274 കോടി രൂപയുടെ വായ്പാ വിതരണം ഇക്കൊല്ലം ഇതുവരെ സംഘങ്ങൾക്ക് നൽകിയിട്ടുണ്ട്.

അടുത്ത ആറുമാസം നമ്മൾ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കാണ് മുൻഗണന നൽകേണ്ടത്.

- വ്യക്തിഗത സ്ഥിര നിക്ഷേപത്തിൽ 2000 കോടി രൂപയുടെ വർദ്ധനവ് (ഒരു ബ്രാഞ്ച് ശരാശരി 2.50 കോടി രൂപ) നേടണം.
- വായ്പയിൽ 5000 കോടി രൂപയുടെ വർദ്ധനവാണ് നേടിയെടുക്കേണ്ടത്. ഇതിൽ ഉത്പാദനക്ഷമമായ MSME വായ്പകൾ, വ്യക്തിഗത മൈക്രോ വായ്പകൾ, വ്യക്തിഗത AIF വായ്പകൾ എന്നിവക്ക് പ്രാധാന്യം നൽകണം. സ്വർണ്ണപണയ വായ്പയിൽ ബ്രാഞ്ചുകൾ പ്രതിദിനം 5 ലക്ഷം രൂപയുടെ disbursement കൈവരിക്കണം.
- നിഷ്ക്രിയ ആസ്തികളുടെ റിക്കവറി കാര്യത്തിൽ ബാങ്കിൻറെ 100% ബ്രാഞ്ചുകളും 2024 ഡിസംബർ 31 - നകം "catch the base" നിലവാരത്തിൽ എത്തണം. തുടർന്നുള്ള മാസങ്ങളിൽ ഓരോ ബ്രാഞ്ചും base ൽ നിന്നും നിഷ്ക്രിയ ആസ്തിയിൽ 33% കുറവ് വരുത്തണം.
- 2024 -25 സാമ്പത്തിക വർഷം പൂർത്തീകരിക്കുമ്പോൾ 600 കോടി രൂപയുടെ അറ്റലാഭമാണ് ബാങ്ക് ലക്ഷ്യമിടുന്നത്. ഇത് സാക്ഷാൽക്കരിക്കുന്നതിനായി ബാങ്കിന്റെ 100 ശതമാനം കരുതൽ സൂക്ഷിക്കേണ്ടി വന്നിട്ടുള്ള നിഷ്ക്രിയ ആസ്തി (D-3) വായ്പകളിൽ നിന്നും 1000 കോടി രൂപ പിരിച്ചെടുക്കുന്നതിനുള്ള "മിഷൻ 166" എന്ന ക്യാമ്പയിൻ 2024 ഒക്ടോബർ മാസം മുതൽ നമ്മൾ ആരംഭിക്കുകയുണ്ടായി. നിശ്ചിത കാലാവധിക്കുമുൻപ് ഈ ലക്ഷ്യം കൈവരിക്കുന്നത് ഉറപ്പുവരുത്താൻ ഓരോ ബ്രാഞ്ചുകൾക്കും കഴിയണം.
- മികച്ച Customer service / Reduction of Customer Complaints എന്നിവയാകണം ഓരോ ബ്രാഞ്ചുകളുടേയും മുഖമുദ്ര.

2024-25 സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ ബാങ്ക് അറ്റലാഭത്തിൽ എത്തുന്നതിനുള്ള കഠിനപ്രയത്നത്തിൽ ഏവരും ഒറ്റക്കെട്ടായി അണിനിരക്കണമെന്ന് പ്രിയപ്പെട്ട സഹപ്രവർത്തകരോട് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

കാർ ഡീലർ കമ്പനികളുമായി സഹകരിച്ച് കേരള ബാങ്ക് ആവിഷ്കരിച്ച പുതിയ വാഹന വായ്പ 'കെ ബി ഈസികാർലോൺ'പദ്ധതിയുടെധാരണപത്രംകേരളബാങ്ക്പ്രസിഡൻ്റ്ശ്രീ.ഗോപികോട്ടമുറിക്കലിന് പ്രമുഖ കാർ ഡീലർ കമ്പനിയായ പോപ്പുലർ വെഹിക്കിൾസ് ആൻ്റ് സർവ്വീസസ് ലിമിറ്റഡ് വൈസ് പ്രസിഡൻ്റ് ശ്രീ.സോമി ചെറുവത്തൂർ കൈമാറുന്നു. കേരള ബാങ്ക് കോർപ്പറേറ്റ് ബിസിനസ് ഓഫീസ് ജനറൽ മാനേജർ ശ്രീ. ജോളി ജോൺ, പോപ്പുലർ വെഹിക്കിൾസ് ഡി.ജി.എം മാധവ് ദാസ്, ക്ലസ്റ്റർ ഹെഡ് രാംമോഹൻ തുടങ്ങിയവർ സമീപം

കുടുംബശ്രീ ഉപജീവനമാർഗ്ഗം പദ്ധതിയ്ക്ക് വായ്പാ സഹായം: പത്തനംതിട്ട ജില്ലാ പഞ്ചായത്തും കുടുംബശ്രീ മിഷനും ചേർന്ന് കുടുംബശ്രീ ഉപജീവന മാർഗ്ഗം (KLIFT) എന്ന പദ്ധതിയിലൂടെ പതിനായിരം സംരംഭങ്ങൾ ആരംഭിക്കുന്നു. ഈ സംരംഭങ്ങൾക്ക് വായ്പാ സഹായം നൽകുന്നത് കേരള ബാങ്കാണ്. പൂർത്തിയായ ആയിരം സംരംഭങ്ങളുടെ പ്രഖ്യാപനവും കുടുംബശ്രീ സംസ്ഥാന തല വിപണനമേളയും തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി ശ്രീ. എം.ബി രാജേഷ് നിർവ്വഹിച്ചു. ആരോഗ്യ വനിതാ ശിശു വികസന വകുപ്പ് മന്ത്രീ ശ്രീമതി. വീണാ ജോർജ്ജ് അധ്യക്ഷയായ ചടങ്ങിൽ JLG ഗ്രൂപ്പുകൾക്കുള്ള വായ്പാ വിതരണം കേരള ബാങ്ക് ഡയറക്ടർ ശ്രീമതി. നിർമ്മലാദേവി നിർവ്വഹിച്ചു. ശ്രീ. കെ.യു ജനീഷ് കുമാർ എം.എൽ. എ, അഡ്വ. പ്രമോദ് നാരായണൻ എം.എൽ.എ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി.രാജി പി രാജ് മുൻ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ.ജിജി മാത്യു, ആർ. അജയകുമാർ, കേരള ബാങ്ക് ഡെപ്യൂട്ടി ജനറൽ മാനേജർ സജിത്ത് കെ.എസ് എന്നിവർ സംസാരിച്ചു.

കേരള ബാങ്കിന്റെ കർഷക ഉല്പാദക സംഘങ്ങൾ ....

കാർഷിക, കാർഷിക അനുബന്ധ പ്രവർത്തനങ്ങളുടെ വളർച്ച ലക്ഷ്യമാക്കി വിവിധ ജില്ലകളിലായി 100 FPO കൾ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് കേരള ബാങ്ക് നടത്തിവരുന്ന വിവിധ പ്രവർത്തന ങ്ങളുടെ ഫലമായി നിലവിൽ 36 FPO കൾ രൂപീകരിക്കുകയും പ്രവർത്തന പുരോഗതിയുടെ വിവിധ ഘട്ടങ്ങളിലൂടെ മുന്നേറുകയുമാണ്....

FPO രൂപീകരണവുമായി ബന്ധപ്പെട്ട പ്രധാന മാർഗ്ഗനിർദ്ദേശങ്ങളിലൂടെ......

PRIMARY AGRICULTURE COOPERATIVE SOCIETIES AND FARMER PRODUCER ORGANIZATIONS – A WIN – WIN PARTNERSHIP.

Baiju N Kurup
Chief General Manager
NABARD



The co-operative movement in Kerala, now numbering more than 15000 cooperatives has made remarkable progress and is the most diversified in the country. Co-operatives in Kerala have a huge network and unparalleled reach, with maximum coverage in rural areas. They play a pivotal role in the mainstreaming of the economy, particularly in the fields of rural credit, distribution of agricultural inputs, storage, fertilizer, marketing, labour, and other related activities. They at present play an important role in the inclusive growth of the economy. Of the cooperatives in the State, the credit co-operative societies are the most vibrant and viable. The Co-operative Credit structure in the state comprises Short-Term Credit and Long-Term Credit.

The Short-Term Agricultural Credit structures mainly comprise the Kerala State Co-operative Bank (KSCB) at the apex level and 1647 Primary Agricultural Co-operative Societies (PACS) at the bottom level. These co-operatives are basically self-governing institutions with total accountability to the borrower members, who have a voice in their management.

The efficiency of the cooperative credit in the state is due to the Primary Agriculture Credit Societies (PACS) functioning at the grassroots levels.

1647 societies are functioning in the state with a membership of approximately 2.4 crores. The role of PACS has seen a considerable change in its operations and management during the last few years, and their continued growth is essential for the cooperative credit ecosystem of the state and also for the agriculture and rural development sector of the state.

Agriculture sector of the state is witnessing in the last few decades a phenomena of not achieving the desired growth rates. The share of Gross Fixed Capital (GFCF) as a percentage of agriculture GDP remained much lower than the corresponding all-India figures. The prospect of an increased level of capital formation in agriculture and allied sectors of the State is hampered by limited public investment. Further, private investment-supported long-term capital assets have not been up to the required level. This aspect of reduced capital formation in agriculture in the State is a matter of concern. Concerted efforts to step up investments in agriculture, both private and public sector, need to be undertaken to address the issue. PACS can play a great role in this regard.

PACS are collectives. One area in which PACS can play a further deepening role in facilitating investments in the agriculture sector is channelling their strengths of management of collectives by engagement in the activities of Farmer Producer Organizations (FPOs).

The concept of farmer-producer organisations (FPO) has been in vogue since the early 2000s and has evolved to help small farmers gain economies of scale and improve their market standing by negotiating collectively. FPOs can be registered companies (farmer producer company or FPC) or a cooperatives, among others. National Bank for Agriculture and Rural Development (NABARD), Small Farmers Agri-Business Consortium (SFAC), National Cooperative Development Corporation (NCDC) etc., are actively involved as implementing agencies in the facilitation of the formation of FPOs. As of date, across the country, there are more than 20000 FPOs of which around 500 are in the state of Kerala.

Generally, the process of creation of FPO starts with identifying a produce cluster area (a contiguous or compact geographical area, with similar agricultural produce) and undertaking a feasibility survey. Thereafter potential farmer producers are mobilised and with equity contribution from them, an FPO is set up. The business idea, viability, market size risks etc are analysed in detail to prepare a business plan.

The business plan, the central aspect of the functioning of FPO is intended to cover the entire end-to-end value chain, including those of production, post-production, marketing, value addition and exports. The government of India and state governments promote the setting up of FPOs through Cluster Based Business Organizations or Producer Organization Promoting

Institutions and a platform is formed for large-scale agriculture business growth.

NABARD the major player in the FPO sector environment has several schemes for Farmer Producer Organizations (FPOs), including the Producers Organization Development Fund (PODF) for providing loan-linked grants to FPOs for capacity building, promotion, and market interventions, Credit Guarantee Scheme for Farmers Producer Organizations Financing, Producers' Organization Development and Upliftment Corpus (PRODUCE) Fund etc.

FPOs are evolving as the effective agents for a better price discovery mechanism for the farmers thereby ensuring better and higher returns for the farmer producers. They are turning out to be the major game changer in the agriculture marketing and business sector of the country. If nurtured properly it may lead to be the major booster for the economy, particularly in the rural areas.

Cooperative credit institutions in Kerala, particularly the PACS can play a deep mentorship role in the promotion and nurturing of FPOs. Due to the inherent strength of understanding the psyche of the farmer community, PACS are in a better position as a promoting entity to lead and guide its farmer members in the formation and facilitation of FPOs. As PACS are better in the management of collectives, they can provide the most cost-effective solutions for the development of the FPO sector.

It is a win-win situation for PACS and the cooperative credit institutions. It will not only help in Long-term credit business growth but also in making the PACS convert to Multi Activity Societies thereby optimising benefits to its members as well as playing a major role in the economy of its area of operations. The functional flexibility, presently available with the cooperative credit institutions can easily be extended to FPOs, which in the long run will help maximising the income.

As the planners are hoping the FPO movement to provide the cutting edge for the growth of the agriculture sector of the State, associating with it by PACS and other cooperative credit institutions will be a great synergy and if handled properly is going to provide better results.

PACS have large potential in the State to become the best player in the development of Farmer Producer Organizations.

The views are personal and not of the institution the author represents.

FPO രൂപീകരണം – മാർഗ്ഗനിർദ്ദേശങ്ങൾ

കേരളത്തിന്റെ കാർഷികമേഖലയുടെ വൈവിദ്ധ്യവും, പ്രത്യേകതകളും ഉൾക്കൊണ്ടുകൊണ്ട് നാമമാത്ര ചെറുകിടകർഷകരുടെ ഉന്നമനത്തിന് കർഷക ഉദ്പാദകസംഘങ്ങൾ (FPO) രൂപീകരിക്കുന്നതായിരിക്കും ഉചിതമെന്ന കാഴ്ചപ്പാടിൽ നിന്നാണ് കേരള ബാങ്ക് FPO രൂപീകരണത്തിന് തുടക്കം കുറിച്ചത്.

കേരളത്തിലെ കർഷകർ നേരിടുന്ന വിവിധ വെല്ലുവിളികൾക്ക് ഒരു പരിഹാരമാണ് കർഷകകൂട്ടായ്മകൾ ആയ FPOകൾ. FPOകളുടെ രൂപീകരണത്തിനായി കേരളത്തിലെ വിവിധ കർഷകസംഘടനകളുമായ് സഹകരിച്ച് കൊണ്ട് കേരളത്തിലുടനീളം പ്രചരണ പരിപാടികൾ സംഘടിപ്പിച്ച് കൊണ്ടാണ് കേരള ബാങ്ക് ഈ രംഗത്ത് കടന്ന് വന്നത്. ഈ പ്രചരണയോഗങ്ങൾ കേരളത്തിൽ ഉടനീളം പുരോഗമിക്കുന്നതിനനുസൃതമായി പുതിയ FPOകൾ രൂപം കൊണ്ടു. ഓരോ കേന്ദ്രങ്ങളിലും തൽപരരായ കൃഷിക്കാരെ സംഘടിപ്പിച്ച് ഉൽപ്പാദക സംഘങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് അവരെ ബോധവാൻമാരാക്കുകയും തുടർന്നുള്ള പ്രവർത്തനങ്ങൾ കർഷകർതന്നെ നേതൃത്വം കൊടുത്തുകൊണ്ട് മുന്നോട്ട് പോകുന്ന രീതിയാണ് കേരള ബാങ്ക് സ്വീകരിച്ചത്. ഇത്തരത്തിൽ രൂപീകൃതമായ കർഷകകൂട്ടായ്മകളെ ഒരു ഉൽപ്പാദകസംഘത്തിന്റെ വ്യവസ്ഥാപിതമായ ഘടനയിലേയ്ക്ക് കൊണ്ടുവരുക എന്നതാണ് അടുത്ത ഘട്ടം. ഇതിന്റെ ഭാഗമായി ഓരോ ഉൽപ്പാദകസംഘവും കുറഞ്ഞത് 300 കർഷകരെ ഓഹരി ഉടമകളാക്കുകയും ഓരോ ഓഹരി ഉടമകളിൽ നിന്നും കുറഞ്ഞത് 1000 രൂപ ഓഹരി തുകയായി സ്വീകരിക്കുകയും ചെയ്യുന്നു. ഓഹരി ഉടമകളിൽ നിന്ന് ജനാധിപത്യരീതിയിൽ തിരഞ്ഞെടുക്കുന്ന കുറഞ്ഞത് 5 അംഗങ്ങൾ ഉൾപ്പെട്ട Director Board ആണ്. സംഘത്തിന്റെ പ്രവർത്തനത്തെ മുന്നോട്ട് നയിക്കേണ്ടത്. ഇത്കൂടാതെ സംഘത്തിൽ ദൈനംദിന ഭരണ നിർവഹണത്തിനായ് ഇക്കാര്യങ്ങളിൽ അറിവും അനുഭവവും പ്രവീണ്യവുമുള്ള ഒരാളെ CEOയായി നിയമിക്കുകയും ആവശ്യമെങ്കിൽ CEO യെ സഹായിക്കുന്നതിനായ് ഒരു അക്കൗണ്ടന്റിനെ നിയമിക്കുക

Shaji Zacharia
Resource person
BDPI Cell

യും ചെയ്യാവുന്നതാണ്. FPOയുടെ പ്രവർത്തനം മെച്ചപ്പെട്ട രീതിയിൽ നിർവഹിക്കുന്നതിന് ഒരു ഓഫീസ് സംവിധാനം ഇതിനായി ചിട്ടപ്പെടുത്തിയിരിക്കണം.

കഴിഞ്ഞ ഒന്നര ദശാബ്ദകാലമായ് നമ്മുടെ രാജ്യത്ത് പ്രവർത്തിച്ചുവരുന്ന വിവിധ കർഷക ഉത്പാദകസംഘങ്ങളുടെ ജയപരാജയങ്ങളെ അപഗ്രഥിച്ചതിന് ശേഷം കേരള ബാങ്ക്‌രൂപീകരിക്കുന്ന FPOകൾക്ക് താഴെ പറയുന്ന രീതിയിലുള്ള പ്രവർത്തനം ആകണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

1. കൃഷിയോ അനുബന്ധമേഖലകളായ ക്ഷീരോത്പാദനം, മൃഗസംരക്ഷണം, കോഴിവളർത്തൽ, മത്സ്യകൃഷി തുടങ്ങിയ ഏതെങ്കിലും മേഖലയിൽ സജീവ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർ ആയിരിക്കണം ഓഹരി ഉടമകൾ.
2. ഓഹരി ഉടമകളെ സംഘടിപ്പിക്കേണ്ടത് ഓരേ പഞ്ചായത്തിൽ നിന്നോ തൊട്ടടുത്ത രണ്ടോ മൂന്നോ പഞ്ചായത്തുകളിൽ നിന്നാകുന്നതാണ് അഭികാമ്യം.
3. FPOകൾ നിയമപരമായ ഘടന ഉറപ്പാക്കുന്നതിന് നിലവിലുള്ള സഹകരണ നിയമത്തിൻ കീഴിലോ കമ്പനീസ്ആക്റ്റ് പ്രകാരമോ രജിസ്റ്റർ ചെയ്തിരിക്കേണ്ടതാണ്.
4. ഈ രൂപത്തിൽസംഘടിപ്പിക്കുന്ന ഉത്പാദകസംഘങ്ങളിലെ അംഗങ്ങൾക്കും ഭരണസമിതി അംഗങ്ങൾക്കും പരിശീലനം, നൈപുണ്യവികസനം എന്നിവ നൽകുന്നതായിരിക്കും.
5. അംഗങ്ങളുടെ താത്പര്യവും FPOയുടെ പ്രവർത്തന പരിധിക്കുള്ളിലെ സാദ്ധ്യതകളും പരിഗണിച്ച് കൊണ്ടുള്ള ഉത്പാദക പ്രക്രിയകൾക്ക് തുടക്കം കുറിക്കുക എന്നതാണ് ഓരോ FPOയും ചെയ്യേണ്ടത്.
6. തിരഞ്ഞെടുക്കുന്ന പ്രവർത്തന മേഖല ഏത് തന്നെയായാലും ആ മേഖലയുടെ പ്രത്യേകത അനുസരിച്ച് ഉത്പാദനം, ക്ഷമതാവർദ്ധന, മൂല്യ വർദ്ധന, വിപണനം തുടങ്ങിയ കാര്യങ്ങളിൽ ശാസ്ത്രീയവും ഫലപ്രദവുമായ ഇടപെടലുകളിൽ കൂടി ഓഹരി ഉടമകളുടെ സാമ്പത്തിക ശാക്തീകരണത്തിന് വഴിതെളിക്കുകയും അത്‌വഴി FPOയുടെ വളർച്ച ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്.
7. FPOയുടെ സുസ്ഥിരമായ വളർച്ചക്കും ശാക്തീകരണത്തിനും 12 മാസവും സജീവമായ് ഇടപെടുവാൻകഴിയുന്ന പ്രവർത്തന മേഖലകളാണ് തിരെഞ്ഞെടുക്കേണ്ടത്.

കേരള ബാങ്കിന് കീഴിൽ ഏറ്റവും കുറഞ്ഞത് 100 കർഷക ഉത്പാദക സംഘങ്ങൾ രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇത്തരത്തിൽ രൂപീകരിക്കപ്പെടുന്ന ഉത്പാദകസംഘങ്ങളുടെ ബാലാരിഷ്ടതകൾ തരണം ചെയ്യുന്നതിന് കേരളസർക്കാർ 10 കോടിരൂപ കേരള ബാങ്കിന് അനുവദിച്ചിട്ടുണ്ട്. ഓരോ FPOക്കും 10 ലക്ഷം രൂപ വീതം അനുവദിക്കുന്നത് താഴെ പറയുന്ന കാര്യങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ആയിരിക്കും

ഒന്നാംഗഡു

1. കർഷക ഉൽപാദകസംഘടനയുടെ ബോർഡ് രൂപീകരണവും ബന്ധപ്പെട്ട സർക്കാർ വകുപ്പുമായുള്ള രജിസ്ട്രേഷൻ നടപടികളും പൂർത്തീകരിക്കുക.
2. ഓഹരി ഉടമകളാകുവാൻ താൽപര്യമുള്ള കർഷകരിൽ ബോധവൽ

ക്കരണ പരിപാടികൾ സംഘടിപ്പിച്ച് ചുരുങ്ങിയത് 300 ഓഹരി ഉടമകളെ കണ്ടെത്തി അവരിൽ നിന്ന് ഡയറക്ടർബോർഡ് തീരുമാനിച്ച നിരക്കിലുള്ള ഓഹരി മൂലധനം സമാഹരിക്കുക.

രണ്ടാം ഗഡു

1. കർഷക ഉൽപാദകസംഘടനയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കായി ഒരു ഓഫീസ് സംവിധാനം കണ്ടെത്തി ആരംഭിക്കുകയും ഭരണ നിർവ്വഹണത്തിനായി ഒരു ചീഫ് എക്സിക്യൂട്ടീവ് ഓഫീസറിനേയും അക്കൗണ്ടന്റിനേയും നിയമിക്കുക.
2. ഡയറക്ടർബോർഡ് അംഗങ്ങൾ ഉൾപ്പെടെ എല്ലാ ഓഹരി ഉടമകൾക്കുമായി FPO ഇടപെടുവാൻ ഉദ്ദേശിക്കുന്ന മേഖലകളെകുറിച്ച് സാങ്കേതികവും വിപണി സംബന്ധവുമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.
3. FPO ഇടപെടുവാൻ ഉദ്ദേശിക്കുന്ന വിളകൾ, ഉൽപ്പന്നങ്ങൾ എന്നിവയുടെ നിലവിലുള്ള ഉൽപാദനവും ഉൽപാദന ക്ഷമതയും വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് വിളസംഭരണം, തരംതിരിവ്, മൂല്യവർദ്ധനവ്, വിപണനം എന്നിവടങ്ങി FPO യുടെഎല്ലാ പ്രവർത്തന മേഖലകളേയും ഉൾപ്പെടുത്തി അടുത്ത രണ്ട് വർഷത്തിലേയ്ക്കുള്ള ബിസിനസ്സ് പ്ലാൻ തയ്യാറാക്കുക.

മൂന്നാം ഗഡു

1. FPO രജിസ്ട്രേഷന് ശേഷം 12 മാസങ്ങൾ പൂർത്തിയാകുമ്പോൾ വാർഷിക റിപ്പോർട്ടും വാർഷിക കണക്കുകളും തയ്യാറാക്കുക.
2. FPO യുടെ പ്രവർത്തന മേഖലകളെ കഴിയാവുന്നിടത്തോളം സർക്കാർ പദ്ധതികളുമായി ബന്ധിപ്പിക്കുക.
3. ഓഹരി ഉടമകൾക്കായി നൈപുണ്യവികസന പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.
4. FPO യുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക സഹകരണസംഘവുമായുള്ള ബന്ധം ശക്തിപ്പെടുത്തുക.
5. എല്ലാ ത്രൈമാസത്തിലും പ്രവർത്തന പുരോഗതി റിപ്പോർട്ട് തയ്യാറാക്കി കേരളബാങ്കിന് സമർപ്പിച്ചതിന്റെയും ബിസിനസ്സ് പ്ലാൻ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പാക്കിയതിന്റെയും പുരോഗതി വിലയിരുത്തിയതിന്റെയും അടിസ്ഥാനത്തിൽ.

ഗ്രാന്റ് വിതരണത്തിന് മുൻപ് കേരള ബാങ്ക് ഉദ്യോഗസ്ഥർ ഓരോ FPO കളേയും സന്ദർശിച്ച് പ്രവർത്തനം വിലയിരുത്തുന്നതാണ്. കൂടാതെ Chartered Accountant- ൽ നിന്നുംതാഴെ പറയുന്ന കാര്യങ്ങൾ പരിശോധിച്ച് ഉറപ്പ്വരുത്തി സർട്ടിഫൈ ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും ബാങ്ക്തല സമിതി ഗ്രാന്റ് വിതരണത്തിന് അർഹതപ്പെട്ട FPO യെ തീരുമാനിക്കുന്നത്.

i. രജിസ്ട്രേഷൻ സംബന്ധിച്ച രേഖകൾ
ii. ഡയറക്ടർ ബോർഡ് രൂപീകരണം.
iii. കുറഞ്ഞത് 300 കർഷകരെ ഓഹരി ഉടമകളായി ചേർത്ത് ഓഹരിമൂലധനത്തിന്റെ സമാഹരണം.
iv. കേരള ബാങ്കിന്റെ ബന്ധപ്പെട്ട ശാഖയിൽ FPO യുടെ പേരിൽ ബാങ്ക്അക്കൗണ്ട് ആരംഭിച്ചിട്ടുള്ളത് സംബന്ധിച്ച രേഖകൾ

കേരള ബാങ്കിന്റെ മേൽ നോട്ടത്തിൽ രൂപീകരിക്കുന്ന FPO കളെ സംബന്ധിച്ച് പൂർണ്ണമായ വിവരങ്ങൾ അടങ്ങിയ ഒരു Digital data base തയ്യാറാക്കുന്നതും കൃത്യമായ ഇടവേളകളിൽ update ചെയ്ത് ബാങ്കിന്റെ കമ്പ്യൂട്ടർ ശൃംഖല സംവിധാനത്തിൽ ഉൾപ്പെടുത്തുന്നതുമാണ്. ഈ Data base ൽ ഓരോ FPO യ്ക്കും പ്രത്യേക UIN (Unique Identification Number) നൽകി വിവരശേഖരണം നടത്തുന്നതാണ്.

കേരള ബാങ്കിൽ നിന്നും ഗ്രാന്റ് തുകയുടെ ആദ്യ ഗഡുവാങ്ങിയ FPO

കൾ ഓരോ ത്രൈമാസത്തിലും അവരുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച റിപ്പോർട്ട് കേരള ബാങ്കിന്റെ ജില്ലാ ഓഫീസ് മുഖേന ഹെഡോഫീസിന് സമർപ്പിച്ചിരിക്കേണ്ടതാണ്. ഈ രീതിയിലുള്ള റിപ്പോർട്ടിംങ്ങ് സംവിധാനം ഗ്രാന്റ് തുകയുടെ അവസാനഗഡു വാങ്ങുന്നത്‌വരെയും ആവശ്യമെങ്കിൽ അതിന് ശേഷവും തുടരുന്നതായിരിക്കും.

സർക്കാർ അനുവദിച്ച ഗ്രാന്റ്തുക ഗഡുക്കളായ് വിതരണം ചെയ്യുന്നതോടൊപ്പം FPO കളുടെ സുസ്ഥിരവികസനത്തിന് താഴെ പറയുന്ന സേവനങ്ങൾ ഉറപ്പ് വരുത്തുന്നതാണ്.

a. കേരള ബാങ്കിന്റെ മാർഗ്ഗ നിർദ്ദേശങ്ങളും മേൽ നോട്ടവും ഓരോ FPO കളുടേയും പ്രാരംഭദശമുതൽ ഉറപ്പ് വരുത്തുന്നതാണ്. കർഷകരെ അംഗങ്ങളാക്കി ചേർക്കുന്നതിനും രജിസ്ട്രേഷൻ ലഭ്യമാക്കുന്നതിനും തുടർന്ന് പദ്ധതികളുടെ തിരഞ്ഞെടുപ്പ് അംഗങ്ങൾക്കും ഭരണസമിതിയ്ക്കുമുള്ള പരിശീലനം, നൈപുണ്യവികസനം, പ്രോജക്റ്റ് നടത്തിപ്പ്, പരിപാലനം തുടങ്ങി എല്ലാ കാര്യങ്ങളിലും സുഗമമായ പ്രവർത്തനം ഉറപ്പ് വരുത്തുവാൻ ബാങ്കിന്റെ മേൽനേട്ടം ഉണ്ടായിരിക്കും.

b. കേരള ബാങ്ക് FPO കൾക്ക്‌വേണ്ടി തയ്യാറാക്കിയിട്ടുള്ള വായ്പാ പദ്ധതി പുതിയ പ്രോജക്റ്റുകൾ നടപ്പിലാക്കുന്നതിനും, അടിസ്ഥാന സൗകര്യവികസനത്തിനും, മൂലധന ആസ്തികൾ സ്വരൂപിക്കുന്നതിനും വിനിയോഗിക്കാവുന്നതാണ്.

c. പരിശീലനം നൈപുണ്യവികസനം എന്നിവയ്ക്ക് കേരള കാർഷികസർവ്വകലാശാല, കൃഷിവിജ്ഞാന കേന്ദ്രങ്ങൾ, ICAR ന്റെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങൾ എന്നിവരുമായി സഹകരിച്ച് ജില്ലാ/മേഖലതലത്തിൽ പഠന/പരിശീലന ക്ലാസുകൾ സംഘടിപ്പിക്കുന്നതാണ്.

d. FPO കളുടെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് വിദേശമാർക്കറ്റുകളിൽ ഉൾപ്പെടെ ഉൽപ്പന്നങ്ങൾ എത്തിക്കുന്നതിന് APEDA, Merchant exporters, സ്വകാര്യ കയറ്റുമതിക്കാർ, സംരംഭകർ എന്നിവരുമായി ചേർന്ന് FPO കൾക്ക് സേവനം നൽകുന്നതാണ്.

ഓരോ കർഷക ഉത്പാദകസംഘവും തങ്ങൾ നിശ്ചയിച്ച ഉത്പാദന മേഖലകളിൽ ഊർജ്ജിതമായ് ഇടപെട്ടുകൊണ്ട് വളർച്ച നേടുകയും ആ പ്രവർത്തനം പ്രതിഫലിപ്പിക്കുന്ന തരത്തിലുള്ള നേട്ടങ്ങൾ ആർജ്ജിക്കുകയും വേണം. ഈവിധം മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്ന FPO കൾക്ക് തങ്ങളുടെ വികസന പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിന് വായ്പാ സഹായം കേരളബാങ്കിൽ നിന്നും ലഭിക്കുന്നതാണ്.

കേരള ബാങ്ക്
കാർഷിക വായ്പകൾ

അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് (AIF) വായ്പ

കർഷകർ, കാർഷിക സംരംഭകർ, കാർഷിക സ്റ്റാർട്ടപ്പുകൾ, ഫാർമേഴ്സ് പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ (FPO), സ്വയം സഹായ സംഘങ്ങൾ, ഇതര സഹകരണ സംഘങ്ങൾക്ക് കേരള ബാങ്ക് AIF വായ്പ അനുവദിക്കുന്നു.

പലിശ 9% (3% പലിശ ഇളവിന് അർഹത)
പരമാവധി വായ്പതുക - 2 കോടി രൂപ

KB കിസാൻ മിത്ര (KCC Gold)

4 % പലിശനിരക്കിൽ 3 ലക്ഷം രൂപവരെ വായ്പ
*നിബന്ധനകൾ ബാധകം

KB കിസാൻ മിത്ര (Above 3 lakh)

9.7 % പലിശ നിരക്കിൽ കാർഷിക - കാർഷികാനുബന്ധ ആവശ്യങ്ങൾക്ക് 3 ലക്ഷം രൂപക്കു മുകളിൽ വായ്പ

KB ദീർഘകാല കാർഷിക വായ്പ

കാർഷിക, കാർഷിക, അനുബന്ധ ആവശ്യങ്ങൾക്ക് ദീർഘകാല വായ്പ

KB ക്ഷീരമിത്ര

ക്ഷീര കർഷകർക്ക് ഹ്രസ്വകാല (KCC) വായ്പ
പലിശ - 7% വായ്പാതുക 2 ലക്ഷം രൂപ
മധ്യകാല വായ്പ (MT) പലിശ - 9%
വായ്പാതുക 2 ലക്ഷം രൂപ

മത്സ്യകർഷകർക്ക് വായ്പ

കരിമീൻ , കാളാഞ്ചി, കൂട് മത്സ്യകൃഷി , വനാമി, ചെമ്മീൻ കൃഷിക്ക് പ്രവർത്തന മൂലധനവായ്പയും, ദീർഘകാല വായ്പയും

മത്സ്യവില്പന വാഹനത്തിനും വായ്പ

സർക്കാർ സബ്സിഡിയോടെ കുറഞ്ഞ പലിശ നിരക്കിൽ

KERALA BANK
Kerala State Co-operative Bank
A SCHEDULED BANK
കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം
Phone: 0471-2547200, 2547350, 2547282
www.keralabank.co.in

S. Kumar
Resource person BDPI cell /
former GM Kerala Bank

FPO സംഘാടനവും ധനസഹായവും

കർഷക കൂട്ടായ്മകൾ സൃഷ്ടിച്ച് കേരളത്തിന്റെ കാർഷികമേഖലയ്ക്ക് കരുത്ത് പകരുന്നതിനുള്ള ബൃഹത് പദ്ധതിയായിട്ടാണ് കേരള ബാങ്ക് FPO സംഘാടനത്തിന് തുടക്കംകുറിച്ചത്. കേരള ബാങ്കിന്റെ ഈ ഉദ്യമത്തിന് പിന്തുണയായി 100 പുതിയ FPO-കൾ രൂപീകരിക്കുന്നതിന് കേരളസർക്കാർ 2023-24 ബഡ്ജറ്റിൽ 10 കോടിരൂപ അനുവദിക്കുകയുംചെയ്തു. Promotional grant എന്ന നിലയിൽ ഓരോ FPO ക്കും 10 ലക്ഷംരൂപ നൽകുന്നതിനാണ് ഈ തുക അനുവദിച്ചിട്ടുള്ളത്. ഓരോ FPO-യുടെയും പ്രവർത്തനം വിലയിരുത്തി നിശ്ചിത മാനദണ്ഡം പാലിക്കുന്ന മുറയ്ക്ക് 3 ഗഡുക്കളായിട്ടായിരിക്കും ഈ തുക അനുവദിക്കുന്നത്.

ആദ്യ ഘട്ടത്തിൽ FPO-കൾക്ക് തനത് വരുമാനം കുറവും ചിലവ് ഏറിയും ഇരിക്കുമെന്നതിനാൽ ഇത്തരത്തിലുള്ള ഗ്രാന്റ് ഓരോ FPO-യുടെയുംവളർച്ചയ്ക്ക് അനിവാര്യമാണ്. രജിസ്ട്രേഷൻ, CEO/അക്കൗണ്ടന്റ് എന്നിവരുടെ ശമ്പളം, ഭരണസമിതി അംഗങ്ങൾ, ജീവനക്കാർ കർഷകർ എന്നിവർക്കുള്ള പരിശീലനം, ഓഫീസ്വാടക, ഫർണ്ണീച്ചർ തുടങ്ങി വിവിധങ്ങളായ ആവശ്യങ്ങൾക്ക് ഈ ഗ്രാന്റ്തുക വിനിയോഗിക്കാവുന്നതാണ്. 10 ലക്ഷം രൂപ 3 ഗഡുക്കളായി യഥാക്രമം 3 ലക്ഷം, 3 ലക്ഷം, 4 ലക്ഷം എന്ന നിരക്കിലാണ് അനുവദിക്കുന്നത്.

ആദ്യഗഡുവായ 3 ലക്ഷംരൂപ ലഭിക്കുന്നതിന് രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുകയും ഡയറക്ടർ ബോർഡിനെ തിരഞ്ഞെടുത്ത്, 300 കർഷകരെ അംഗങ്ങളായി ചേർത്ത് പ്രവർത്തനം ആരംഭിക്കുകയും വേണം. ഇത്തരത്തിൽ ആദ്യ ഗഡുവിന് അർഹത നേടിയിട്ടുള്ള FPO-കൾക്കുള്ള ധനസഹായം 2024 ഡിസംബർമാസം മുതൽ വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

FPO-കൾ ആരംഭിക്കുന്ന പുതിയ സംരംഭങ്ങൾക്കുള്ള വായ്പയും കേരള ബാങ്കിൽ നിന്നും ലഭ്യമാണ്. നിലവിൽ 60 ലക്ഷംരൂപവരെയുള്ള വായ്പാ സഹായം FPO-യുടെ സാമ്പത്തിക ശേഷി, project report –എന്നിവയെ അടിസ്ഥാനമാക്കി നൽകിവരുന്നു. ഈട് നൽകാതെതന്നെ കാർഷിക മേഖലയിലെ സംരംഭങ്ങൾക്ക് Credit Guarantee -ലഭ്യമാക്കിവായ്പ നൽകുന്നതിന് നബാർഡ്സബ്സിഡിയറി ആയ NABSANRAKSHAN-വുമായികേരള ബാങ്ക് MOU-ഒപ്പ്വെച്ചിട്ടുണ്ട്.

പുതുതായി പ്രവർത്തനം ആരംഭിക്കുന്ന FPO കൾ പ്രാരംഭദശയിൽതന്നെ സാമ്പത്തിക അച്ചടക്കവും ചിട്ടയായ പ്രവർത്തനവും കാഴ്ചവച്ചാൽ credit guarantee -യോടുകൂടിതന്നെ വായ്പ അനുവദിക്കുന്നതിന് സാധിക്കും. വിവിധ ബാങ്കിംഗ് സ്ഥാപനങ്ങൾ credit guarantee നൽകുന്നതിന് അവലംബിക്കുന്ന മാനദണ്ഡങ്ങൾ വ്യത്യസ്ഥമാണ് എന്നാൽ പൊതുവിൽ താഴെ പറയുന്ന കാര്യങ്ങളിൽ ശ്രദ്ധ പതിപ്പിച്ചാൽ പ്രവർത്തന മികവ് നേട്ടം എന്ന് മാത്രമല്ല വായ്പാ ലഭ്യതയുടെ സാദ്ധ്യതയും വർദ്ധിക്കും.

i. ഭരണസമിതിയുടെ ഘടന വനിതാ പ്രാതിനിധ്യം, പ്രൊഫഷണൽ യോഗ്യത നേടിയ അംഗങ്ങൾ, കർഷക സംഘടനയുടെ പ്രാതിനിധ്യം തുടങ്ങിയവ.
ii. ജീവനക്കാർ, ഭരണസമിതി അംഗങ്ങൾ, കർഷകർഎന്നിവർക്ക് ലഭിച്ചിട്ടുള്ള പരിശീലനം, നൈപുണ്യവികസനം തുടങ്ങിയവ.
iii. അംഗങ്ങളായി ചേർന്നിട്ടുള്ളവരുടെ എണ്ണം, സ്വരൂപിച്ചിട്ടുള്ള ആകെ ഓഹരിമൂലധനം, FPOയുടെ സേവനം ഉപയോഗപ്പെടുത്തുന്ന അംഗങ്ങളുടെ എണ്ണം തുടങ്ങിയവ.
iv. അടിസ്ഥാന സൗകര്യങ്ങളായ ഓഫീസ് സംവിധാനവും കംപ്യൂട്ടർവത്കരിച്ച പ്രവർത്തനവും.
v. ഭാവി പ്രവർത്തനങ്ങൾക്കായ് തയ്യാറാക്കിയിട്ടുള്ള ബിസിനസ്സ് പ്ലാനും അതിന്റെ നിർവ്വഹണവും.
vi. വിപണിയുമായുള്ള ബന്ധം, സർക്കാർ പദ്ധതികളുമായ് ബന്ധപ്പെടുത്തിയിട്ടുള്ള പ്രവർത്തനം എന്നിവ
vii. മിനിറ്റ്സ്, രജിസ്റ്ററുകൾ, കണക്കുകൾ എന്നിവ തയ്യാറാക്കുന്നതും അതിന്റെ റിപ്പോർട്ടിംഗും

നിലവിൽ സംസ്ഥാന കേന്ദ്ര സർക്കാരുകളുടെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ഒരു പ്രധാന ഗുണഭോക്താവായി FPOയെ അംഗീകരിച്ചിട്ടുണ്ട്. അതിനാൽ വിവിധ വായ്പാ പദ്ധതികളിൽ കൂടി Capital subsidy/ Interest subsidy എന്നിവ ലഭിക്കുന്നതിന് FPOകളും അർഹരാണ്. കാർഷിക രംഗത്തും അനുബന്ധമേഖലയായ ഡയറി, ഫിഷറീസ്, മൃഗസംരക്ഷണം തുടങ്ങി വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന FPO കൾക്ക് ഇത് വളരെ അനുഗ്രഹമാണ്. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും കർഷകക്ഷേമം ഉറപ്പാക്കുന്നതിനും വിലസ്ഥിരതയ്ക്കും ഗുണമേന്മയുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനും FPOകൾക്ക് കഴിഞ്ഞിട്ടുണ്ട്. ഇത്തരത്തിൽ കർഷകരെ സംരംഭകരാക്കി വളർത്തുന്നതിന് FPO കളുടെ പ്രവർത്തനം കാരണമായ് തീർന്നിട്ടുണ്ട് എന്ന് നിസ്സംശയം പറയാം.

കേരള ബാങ്കിന്റെ
നേതൃത്വത്തിൽ രൂപീകരിക്കുകയും പ്രവർത്തനം ആരംഭിച്ച് വളരെ കുറഞ്ഞ കാലയളവിൽ തന്നെ വൈവിധ്യമാർന്ന പദ്ധതികൾ വ്യാവസായിക അടിസ്ഥാനത്തിൽ നടപ്പാക്കുകയും ചെയ്ത കേരള ബാങ്ക് FPOകളിൽ ചിലത് :-

പാപ്കോ FPO, കിഴക്കമ്പലം

എറണാകുളംജില്ലയിലെ പ്രശസ്തമായ കിഴക്കമ്പലം മേഖലയിലെ 4 ഗ്രാമങ്ങളിൽ നിന്നുള്ള 300 ൽ അധികം കർഷകരുടെ കൂട്ടായ്മയിൽ രൂപീകൃതമായ ഉൽപ്പാദകസംഘമാണ് PAPCO. കാർഷികവിളകളുടെ വൈവിധീകരണവും മൂല്യവർദ്ധനവും ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഈ കർഷകകൂട്ടായ്മ ഇപ്പോൾ വ്യാപൃതരായിരിക്കുന്നത് അത്യുൽപ്പാദന ശേഷിയുള്ള പപ്പായ ഇനങ്ങളുടെ കൃഷിയും വിളയുടെ തരംതിരിക്കലിലും മൂല്യവർദ്ധനവിലുമാണ്. കുറഞ്ഞ കാലത്തിനുള്ളിൽതന്നെ കൃഷിയുടെ വ്യാപനം സാധ്യമാക്കുവാനും കർഷകർക്ക് മികച്ച വില നൽകുവാനും ഈ FPO യ്ക്ക് സാധിച്ചിട്ടുണ്ട്. കേരള കാർഷികസർവ്വകലാശാലയുടെ പരിശീലന പരിപാടിയുടെ അടിസ്ഥാനത്തിൽ മൂല്യവർദ്ധന സംരംഭം വ്യാവസായിക അടിസ്ഥാനത്തിൽ സമാരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. വളരെ വിജയകരമായി ഒരുവർഷത്തെ പ്രവർത്തനം പൂർത്തീകരിച്ച PAPCO ആദ്യത്തെ വാർഷിക പൊതുയോഗത്തിന് തയ്യാറെടുക്കുകയാണ്.

മലയോരം FPO, ചിതറ

കൊല്ലം ജില്ലയുടെ കിഴക്കൻ മേഖലയിലെ പ്രധാന കാർഷിക ഗ്രാമമായ ചിതറയും സമീപ പ്രദേശങ്ങളും ഉൾപ്പെടുത്തി മുന്നൂറിലധികം കർഷകർഒത്ത് ചേർന്ന് സമാരംഭിച്ച കർഷകഉൽപ്പാദകസംഘമാണ് മലയോരം FPO. കഴിഞ്ഞ ഒരുവർഷത്തിനുള്ളിൽതന്നെ ഇത്രയധികം വൈവിധ്യമാർന്ന കാർഷികസംരംഭങ്ങളിൽ ഏർപ്പെട്ടിട്ടുള്ള ഉൽപ്പാദകസംഘങ്ങൾ ഉണ്ടാകാൻ ഇടയില്ല. മത്സ്യകൃഷി, ആട്ടും പോത്തുകുട്ടിയും ഉൾപ്പെട്ട മൃഗസംരക്ഷണ പരിപാലനം, ക്ഷീരോൽപ്പാദനം തുടങ്ങിയമേഖലകളിൽ വികസന പരിപാടികൾ നടപ്പാക്കി ആ പ്രദേശത്തെ കർഷകർക്ക് ഒന്നടങ്കം പ്രചോദനം നൽകുന്നു. ചിതറകേന്ദ്രമാക്കി മലയോരം FPO ആരംഭിച്ചിരിക്കുന്ന ഭക്ഷ്യസംസ്ക്കരണ സംരംഭത്തിൽ നേന്ത്രക്കായ, ചക്ക, വിവിധയിനം കിഴങ്ങ്‌വർഗ്ഗങ്ങൾ എന്നിവയുടെ മൂല്യവർദ്ധന സാധ്യമാക്കുന്നു.

തൃപ്പൂണിത്തുറ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ്

തൃപ്പൂണിത്തുറയിൽ നിന്നും സമീപ പഞ്ചായത്തുകളിൽ നിന്നും ഒന്നിച്ചുവന്ന മുന്നൂറോളം കർഷകരുടെ സംരംഭമാണ് തൃപ്പൂണിത്തുറ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ്. ഈ മേഖലയുടെ ജൈവവൈവിധ്യം ഉപയോഗപ്പെടുത്തിക്കൊണ്ട് കൃഷി, പച്ചക്കറി, മത്സ്യകൃഷി തുടങ്ങിയ മേഖലകളിലാണ് ഈ FPO ശ്രദ്ധ ചെലുത്തുന്നത്. ഈ കൂട്ടായ്മയുടെ ആദ്യസംരംഭമായി പൂത്തോട്ടയിൽ ഒരു സമ്മിശ്ര മത്സ്യകൃഷി ആരംഭിച്ചിരിക്കുന്നു. മത്സ്യകൃഷിയുമായി ബന്ധമുള്ള വിവിധ സർക്കാർ ഏജൻസികളുടെ സഹകരണത്തോടെയും മേൽനോട്ടത്തിലുമാണ് വിപണിയിൽ ഏറ്റവുംകൂടുതൽ ആവശ്യക്കാരുള്ള കരിമീൻ, കാളാഞ്ചി, ചെമ്മീൻ, പൂമീൻ എന്നിവയുടെ ശാസ്ത്രീയ കൃഷിക്ക് തുടക്കം കുറിച്ചിരിക്കുന്നത്. ഒരു കർഷക ഉൽപ്പാദക സംഘത്തിലെ അംഗങ്ങളുടെ കൂട്ടുടമസ്ഥതയിലുള്ള മത്സ്യകൃഷി സംരംഭം ഒരുപക്ഷേ കേരളത്തിൽ ആദ്യത്തേതായിരിക്കും.

പയ്യാവൂർ FPO

കണ്ണൂർജില്ലയിലെ പ്രധാന കാർഷിക കേന്ദ്രങ്ങളിലൊന്നായ പയ്യാവൂർ കേന്ദ്രമാക്കി പ്രവർത്തിച്ച വരുന്ന കർഷക കൂട്ടായ്മയാണ് പയ്യാവൂർ FPO. വളരെവേഗം വളർച്ചയെത്തുന്നതും വിപണിമൂല്യവുമുള്ള സങ്കരയിനം പന്നി വളർത്തലിലാണ് ഈ കൂട്ടായ്മ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. കേരളത്തിലെ മറ്റ് പല കേന്ദ്രങ്ങളിലും പന്നി ഫാമുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഉയരുന്ന പരാതികൾ ഒന്നുംതന്നെ ഇല്ലാത്ത വിധത്തിലാണ് ശാസ്ത്രീയമായ പന്നിവളർത്തൽ ഇവിടെ പുരോഗമിക്കുന്നത്. മൃഗസംരക്ഷണവകുപ്പിന്റെയും തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടേയും എല്ലാവിധത്തിലുമുള്ള നിർദ്ദേശങ്ങളും പാലിച്ച് നടത്തുന്ന ഈ കൂട്ടായ്മയിലെ സംരംഭങ്ങൾ ശാസ്ത്രീയമായി പന്നി ഇറച്ചിസംസ്ക്കരിക്കുന്നതിനും വിപണിമൂല്യമുള്ള ഉൽപ്പന്നങ്ങൾ തയ്യാറാക്കുന്നതിനും വേണ്ടിയുള്ള പരിശ്രമത്തിലാണ്.

Vengalloor Nature Fresh FPO

തൊടുപുഴ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന വെങ്ങല്ലൂർ നേച്ചർ ഫ്രഷ്ഫാർമർ പ്രൊഡ്യൂസർ കമ്പനി കുമാരമംഗലത്ത് പത്ത്ഏക്കറിൽ ജൈവനെൽകൃഷി നടത്തി വരുന്നു. വെങ്ങല്ലൂർ ജംഗ്ഷനിൽ ഓഹരി ഉടമകൾ ഉത്പാദിപ്പിക്കുന്ന പച്ചക്കറി ഉല്പന്നങ്ങൾക്കായി ഒരു ചില്ലറ വില്പന ശാല 2024 ഡിസംബർ ആദ്യആഴ്ച്ചയിൽ ഉദ്ഘാടനവും ചെയ്യപ്പെടുന്നു. ഇതോടെ കർഷകർക്ക് ഗുണകരമാവുന്ന സ്ഥിതിയിലേക്ക് കമ്പനിയുടെ മുഴുവൻ പ്രവർത്തനങ്ങളും മാറുകയാണ്. 310 ഓഹരി ഉടമകളുള്ള ഈ സംഘം തദ്ദേശീയമായ പഴങ്ങളിൽ നിന്ന് വൈൻ ഉൾപ്പെടെ വിപണിമൂല്യമുള്ള ഉൽപ്പന്നങ്ങൾ ഉണ്ടാക്കുവാനുള്ള തയ്യാറെടുപ്പിലാണ്.

VANGUARD FPO, Iringalakuda

ഇരിങ്ങാലക്കുട മേഖലയിലെ കർഷകർ മുൻകൈ എടുത്തു രൂപീകരിച്ച ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയാണ് വാൻഗാർഡ് ഇരിങ്ങാലക്കുട. കർഷകരുടെ കാർഷിക വിളകളെ അടിസ്ഥാനമാക്കി മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിച്ച് സ്വദേശ വിദേശ കമ്പോളത്തിൽ വിറ്റഴിച്ച് കർഷകർക്ക് ന്യായ വില ലഭ്യമാക്കുക, അവരുടെ ഓഹരിക്കനുസരിച്ച് ലാഭവിഹിതം ലഭ്യമാക്കുക. തൊഴിൽ രഹിതരായ കുറച്ച് പേർക്കെങ്കിലും ജോലി ലഭ്യമാക്കുക എന്നിവയാണ് കമ്പനിയുടെ പ്രധാന ലക്ഷ്യങ്ങൾ. 325 കർഷകർ അംഗങ്ങളായുള്ള ഈ ഉൽപാദകസംഘത്തിന്റെ 4000 സ്വയർഫീറ്റ വരുന്ന ഭക്ഷ്യ സംസ്കരണ പ്ലാന്റിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ട്. ആദ്യ ഉല്പന്നമായ ഇഡ്ഡലി, ദോശമാവ് ഉല്പാദനങ്ങൾ 2024 നവംബർ മാസം അവസാനം അരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. 2025 ഫെബ്രുവരി മാസത്തിൽ കർഷകരിൽ നിന്ന് കായ, കപ്പ, മാങ്ങ, ചക്ക എന്നിവ വാങ്ങി ചിപ്സ്, സ്ക്വാഷ്, ജാം തുടങ്ങിയ മൂല്യ വർദ്ധിത ഉല്പന്നങ്ങൾ നിർമ്മാണം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

വടക്കാഞ്ചേരി ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി

കാർഷികവിളകളുടെ വൈവിദ്ധീകരണത്തിന് ഊന്നൽ നൽകികൊണ്ട് വടക്കാഞ്ചേരി മേഖലയിൽ പ്രവർത്തനം ആരംഭിച്ചിരിക്കുന്ന കർഷക കൂട്ടായ്മയാണ് വടക്കാഞ്ചേരി ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി. നെല്ല്, പച്ചക്കറി, വാഴ, സുഗന്ധവിളകൾ തുടങ്ങി എല്ലാ ഉൽപ്പന്നങ്ങളുടെയും വ്യാപനത്തിനും ക്ഷമതാ വർദ്ധനവിനും മൂല്യവർദ്ധനവിനും ഈ കൂട്ടായ്മ ലക്ഷ്യംവെയ്ക്കുന്നു. സംഘത്തിലെ വനിതകളുടെ നേതൃത്വത്തിൽ നടത്തിവരുന്ന ചെണ്ടുമല്ലികൃഷി വിജയകരമായി മുന്നോട്ട് പോകുന്നു. കേരളത്തിലെ പ്രധാന ഉൽസവങ്ങളോടനുബന്ധിച്ച് പച്ചക്കറികളുടെയും പൂക്കളുടെയും വിപണന കേന്ദ്രങ്ങൾ വടക്കാഞ്ചേരി നഗരകേന്ദ്രീകൃതമായി നടത്തിവരുന്നു.

കൂട്ടാർ FPO

സുഗന്ധവിളകളുടെ സിരാകേന്ദ്രമായ ഇടുക്കിജില്ലയിലെ പ്രധാന കാർഷികകേന്ദ്രമായ കരുണാപുരം പഞ്ചായത്ത് കേന്ദ്രമായി പ്രവർത്തിക്കുന്ന കർഷക കൂട്ടായ്മയാണ് കൂട്ടാർ ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി ലിമിറ്റഡ് . ഈ പ്രദേശത്തെ 400ഓളം സുഗന്ധവിളകർഷകരെ ഓഹരി ഉടമകളാക്കി പ്രവർത്തിച്ചുവരുന്ന ഈ സംഘം ഈ മേഖലയിലെ ഏലംകർഷകർക്ക് കൃഷിയ്ക്ക്വേണ്ട സമഗ്ര പിൻതുണയാണ് നൽകിവരുന്നത്. നേഴ്സറി, ജൈവവള നിർമ്മാണ യൂണിറ്റ്, വിളകളുടെ പ്രാഥമിക സംസ്ക്കരണവും വിപണനവും ഫലപ്രദമായി നടത്തുവാൻ കൂട്ടാർഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനിക്ക് സാധിക്കുന്നുണ്ട്.

SNGV Farmer's Producers Company Ltd., പെരുമ്പാവൂർ

പെരുമ്പാവൂർ മേഖലയിലെ 1000 ഓളം നാമമാത്ര ചെറുകിടകർഷകരുടെ കൂട്ടായ്മയാണ് SNGV Farmer's Producers Company Ltd. ചെറുകിട കർഷകർക്ക് ജൈവകൃഷിയിലൂടെ വളരുവാൻ പ്രജോദനം നൽകി അവരിൽ നിന്ന് വിവിധ വിളകൾ സംഭരിച്ച് ഗ്രേഡിംങ്ങും മൂല്യവർദ്ധനവും സാധ്യമാക്കി അംഗങ്ങൾക്ക് നല്ല വില ലഭിക്കുവാൻ ഈ കർഷക കൂട്ടായ്മ പരിശ്രമിക്കുന്നു. ഇതിന്റെ ഭാഗമായി പെരുമ്പാവൂരിന്റെ പ്രാന്ത പ്രദേശമായ വേങ്ങൂരിൽ ഒരുവിവിധോദ്ദേശ്യ മൂല്യ വർദ്ധന പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. ഏറ്റവും ആധുനികരീതിയിൽ ഒരു ഭക്ഷ്യ സംസ്ക്കരണകേന്ദ്രത്തിന് വേണ്ട എല്ലാ നിലവാരങ്ങളും പാലിച്ചുകൊണ്ട് ആരംഭിച്ച ഇവിടെ വെളിച്ചെണ്ണ, വിവിധ തരത്തിലുള്ള നേന്ത്രക്കായ ഉല്പന്നങ്ങളും, മഞ്ഞൾ ഇഞ്ചി എന്നീ സുഗന്ധ വിളകളും ഏറ്റവും നല്ല രീതിയിൽസംസ്ക്കരിച്ച് ഉൽപ്പാദിപ്പിക്കുന്നു.

കറുകച്ചാൽ FPO

കോട്ടയം ജില്ലയിലെ കറുകച്ചാൽ ഗ്രാമപഞ്ചായത്ത് കേന്ദ്രമാക്കി പ്രവർത്തിച്ച വന്ന കർഷകക്കൂട്ടായ്മയാണ് കറുകച്ചാൽ FPO ആയി രൂപാന്തപ്പെട്ടത്. ഈ പ്രദേശത്തെ കാർഷിക വിഭവങ്ങളുടെ സമയോജിതമായ വിപണനം ഉറപ്പുവരുത്തുവാൻ ഒരുസ്ഥിരം സംവിധാനം ഈ കൂട്ടായ്മയുടെ കീഴിൽ നടന്നുവരുന്നു. കൂടാതെ സുഗന്ധവിളകളായ ഇഞ്ചിയുടെയും മഞ്ഞളിന്റെയും കൃഷി പോളി ബാഗുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടത്തി വിജയിപ്പിക്കുകയും ഈ പുതിയരീതി കർഷകരുടെ ഇടയിൽ പ്രചരിപ്പിക്കുന്നതിനും കറുകച്ചാൽ FPO ശ്രമിച്ചുവരുന്നു. ഈ രീതി പ്രചരിപ്പിക്കുന്നതിലൂടെ നാമമാത്ര ചെറുകിടകർഷകർക്കും പുതുതലമുറയിൽ നിന്നുള്ള കർഷകസംരംഭകർക്കും നല്ല വിലയുള്ള ഈ നാണ്യവിളകളിലൂടെ വരുമാന വർദ്ധനവ് സാധ്യമാക്കുവാൻ കഴിയും.

കേരള ബാങ്ക് വായ്പാ സഹായത്തോടുകൂടി പുതിയ സംരംഭങ്ങൾ ആരംഭിച്ച പ്രധാന കർഷക ഉൽപ്പാദകസംഘങ്ങൾ

കൊടുമൺ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി - പത്തനംതിട്ട

പത്തനംതിട്ട ജില്ലയിലെ കൊടുമൺ പഞ്ചായത്തിലെ കർഷകർ ഉദ്പാദിപ്പിക്കുന്ന നെല്ല് സംഭരിച്ച് സ്വന്തം റൈസ്മില്ലിൽ അരിയാക്കി'കൊടുമൺ റൈസ്'' എന്ന ബ്രാന്റിൽ പായ്ക്ക് ചെയ്ത് വിപണനം നടത്തിവരുന്നു. അരിയിൽ നിന്നുള്ള വിവിധ ഉൽപന്നങ്ങൾക്ക് പുറമേ, വാഴയിൽ നിന്നുള്ള വിവിധ ഉൽപ്പന്നങ്ങൾ, തേൻ സംസ്ക്കരണം, മറ്റ് ഭക്ഷ്യവസ്തുക്കളുടെ നിർമ്മാണം എന്നിവയിലും FPO യുടെ പ്രവർത്തനം വ്യാപിപ്പിച്ചിട്ടുണ്ട്. പാട്ട വ്യവസ്ഥയിൽ സ്ഥലം ഏറ്റെടുത്ത് മാതൃകകൃഷിത്തോട്ടം സ്ഥാപിച്ച് അംഗങ്ങൾ ഉൾപ്പെടെയുള്ള കർഷകർക്ക് നടീൽ വസ്തുക്കൾ ലഭ്യമാക്കുന്നുണ്ട്. സ്വന്തംഉത്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നതിനും ഗുണമേൻമയുള്ള ഉത്പന്നങ്ങൾ പൊതുജനങ്ങളിൽ എത്തിക്കുന്നതിനുമായ് ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ FPO യുടെ വിപണന കേന്ദ്രങ്ങളും സജീവമാണ്. കൊടുമൺ FPO യുടെ പ്രവർത്തനങ്ങൾക്കായി കേരള ബാങ്ക് 50 ലക്ഷംരൂപ വായ്പാ സഹായം നൽകിയിട്ടുണ്ട്.

ഗ്രീൻ റാന്നി FPO - പത്തനംതിട്ട

റാന്നി കേന്ദ്രമായി, മുൻ MLA ശ്രീ. രാജു എബ്രഹാമിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഗ്രീൻ റാന്നി FPO കഴിഞ്ഞ ഏതാനും മാസത്തെ പ്രവർത്തനം കൊണ്ടുതന്നെ 40 ടൺഓളം ചക്ക, വാഴപ്പഴം, നേന്ത്രക്കായഎന്നിവയിൽ നിന്നും വൈവിദ്ധ്യമാർന്ന ഉത്പന്നങ്ങൾ തങ്ങളുടെ ഭക്ഷ്യ സംസ്ക്കരണശാലയിൽ ശാസ്ത്രീയ ഗുണനിലവാരങ്ങൾക്കനുസരിച്ച് നിർമ്മിച്ച് വിപണനം ചെയ്തുകഴിഞ്ഞു. കർഷകരിൽ നിന്നും മറ്റ്കാർഷിക ഉൽപ്പന്നങ്ങളായ പൈനാപ്പിൾ, മരച്ചീനി മുതലായവ സംഭരിച്ച് മൂല്യവർദ്ധന നടത്തുവാനും കയറ്റുമതിരംഗത്ത് പ്രവർത്തനം വ്യാപിപ്പിക്കുവാനുമുള്ള പരിശ്രമം നടത്തിവരുന്നു. ഇവരുടെ പ്രധാന ഉൽപ്പന്നങ്ങൾ dehydrated Jackfruit slices, Jack fruit powder, Jackfruit pulp, Raw banana powder എന്നിവയാണ്. പത്തനംതിട്ട ജില്ലയിലെ പ്രധാന കാർഷിക കേന്ദ്രങ്ങളിലൊന്നായ റാന്നിയിലെ കർഷകർക്ക് വലിയ പ്രചോദനവും പിൻതുണയും നൽകാൻ ഗ്രീൻ റാന്നി FPOക്ക് കഴിയും. ഈ FPO യ്ക്കായി കേരള ബാങ്ക് ഇതിനോടകംവായ്പാ സഹായമായി രൂപ 25 ലക്ഷം അനുവദിച്ചിട്ടുണ്ട്.

പമ്പാവാലി FPO പത്തനം തിട്ട

കാർഷികവിളകളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും, കർഷകർക്ക് മെച്ചപ്പെട്ട വിലലഭിക്കുന്നതിനും വേണ്ട നിരവധി മേഖലകളിൽ പത്തനംതിട്ട ജില്ലയിലെ ഏനാത്ത് കേന്ദ്രമായി പ്രവർത്തിക്കുന്ന പമ്പാവാലി FPO പ്രവർത്തിച്ച് വരുന്നു. കൂടാതെ അത്യുൽപാദന ശേഷിയുള്ള നടീൽ വസ്തുക്കൾ കർഷകർക്ക് ലഭ്യമാക്കുവാൻ വിപുലമായ നേഴ്സറി തന്നെ ആരംഭിച്ചിട്ടുണ്ട്. സംഘത്തിന്റെ ഉടമസ്ഥതയിലും പാട്ടത്തിനെടുത്ത സ്ഥലങ്ങളിലും സംഘം നേരിട്ട് കൃഷിചെയ്യുന്നു. കർഷകർക്ക് ആവശ്യമായ വിപണന സഹായം നൽകുന്നതോടൊപ്പം വലിയ അളവിൽ കാർഷിക ഉൽപ്പന്നങ്ങൾ സംഭരിച്ച് നൽകുന്നതിനുള്ള VFPCK യുടെ ഏജൻസിയായും സംഘം പ്രവർത്തിച്ചു വരുന്നു. ഭക്ഷ്യവസ്തുക്കളുടെ ഉദ്പാദന രംഗത്തേക്ക് കടന്നിട്ടുള്ള സംഘംഇപ്പോൾ ഗുണമേന്മയുള്ള ശർക്കരയുടെ ഉൽപാദനവും വിപണനവും നടത്തിവരുന്നു. പമ്പാവാലി FPO യ്ക്കായി കേരള ബാങ്ക് ഇതിനോടകം വായ്പ സഹായമായി രൂപ 40ലക്ഷം അനുവദിച്ചിട്ടുണ്ട്.

ART OF LENDING

N Sivasankaran
Chief Financial Officer
Kerala Bank

As we all know, Banking is, accepting deposits for the purpose of lending or investment. The banks have to keep apart a part of their deposits to meet the statutory requirements like CRR, SLR etc. While the funds parked under CRR does not earn any return, the investments under SLR fetches market related return to the bank. The present rate of CRR and SLR being 4.5% and 18% respectively, the bank is left with 77.5% of their deposits for the purpose of lending. Unless this money is lent in the most profitable manner, the bank can end up making losses. So, it is of utmost importance that the bank makes their credit decisions prudently.

In the past when Term Lending institutions were many and active in the market, the Long Term requirements of the customers were met by these institutions. The Banks were mainly catering to the working capital requirements of the borrowers. So, over the period the Banks have gained expertise in providing working capital loans. But things started changing with the reverse merger of certain Term Lending institutions like ICICI, IDBI etc. with their group banks. A void was created in the area of

term lending since Banks were not accustomed to long term lending. Moreover there were restrictions in lending for projects with very long gestation period as the upper tenure of lending was restricted to 15 years by Banks. However, the Banks gained expertise over a period of time in appraising bigger projects and extending finance to them. So, today, Banks cater to the funding requirements of varied projects like infrastructure (Roads, Power plants, Airports, Ports, Constructions etc) manufacturing, social infrastructure etc having long gestation periods, apart from their previous niche segments like Agriculture, MSME, Service, Retail etc.

Today, Banks have become experts in funding different types of projects. They have gained expertise in proactively identifying, measuring and mitigating risks associated with big projects which are aptly captured in their assessment notes. They have also gained expertise in dealing with cost and time escalations and preempting attendant risks associated with such time and cost escalations.

In the Co-operative sector, we are not used to funding big projects for various reasons. Our niche segments are the co-operative segment and the individual (retail) segment. While the requirements and assessment methods are vastly different for the co-operative sector dealing in financial activities, the requirement of the other societies engaged in activities like manufacturing, trading, service etc. are similar to similarly placed corporate borrowers. So for such societies, we follow the normal lending practices like assessment, appraisal, processing, sanction, monitoring etc. All the requirements like audited financial statements, monthly stock statements, periodical stock verification, stock audit, credit audit, loan review mechanism, annual renewal of OD/CC accounts, annual review of Term Loan accounts etc. will be applicable to such societies. While assessing the financial requirements of such societies, we follow the normal lending practice applicable to other corporate borrowers like, obtaining and analyzing the audited balance sheet and projected balance sheet, ensuring routing of sale transactions through our bank account, assessment based on MPBF or Turn over method, creation of charge on securities including fixed assets etc.

In this article, we are going to talk more about the steps to be taken for identification, assessment, sanction, documentation, follow up and monitoring of loans to the individuals for their various personal needs and individuals and institutions involved in manufacturing, service, trading or other business activities. We have considered this segment since there exists scope for interpretation of various parameters while assessing the financial requirements for these sectors.

PERSONAL LOANS:

Any financial requirements of individuals, in general, are

considered as personal loans. The requirements can be for purchase or construction of new or used house/flat, repair/renovation/ enlargement of existing house, purchase of vehicle (two wheeler or four wheeler) for own use, purchase of household articles, installation of solar lighting equipment, furnishing of existing house or other personal loans to meet other purposes. Even though all these loans come under the personal loans category, the prerequisites, sanction process, disbursement methods and modalities for ensuring end use of funds can differ based on requirement. Similarly the loan eligibility will also differ based on the purpose. While Bank has well designed products for some of the needs like purchase or

construction of house, renewal or repair of existing house, purchase of vehicles for own use, education of children, purchase of computer/ lap top etc., loans which are not covered by any of the existing products can be grouped under personal loans and processed and sanctioned accordingly. Some of the important aspects to be noted while sanctioning personal loans are as under:

a.Assessment of gross income.

In the case of salaried persons, arrival of gross and net income is normally easy. If we obtain and analyze the salary slips for the past 6 months we will be able understand the average gross and net earnings of the person. Apart from the salary, the person may be having other income like interest from deposits, rent from buildings let out, salary/income of spouse etc. In such cases, we can consider that income for which documentary evidence is available for assessing the eligible amount of loan. Apart from the documents like salary slips, rent agreement etc., it will be advisable to take and verify the bank account statement of the prospective borrower/s /co-borrowers for understanding the sources of income available.

b. Arriving at the Net Income:

Having assessed the average monthly gross income from all sources as explained in (a) above, we have to arrive at the monthly deductions to arrive at the net income. While some of the deductions can be taken from the salary slip itself there may be other deductions which are not made from the salary directly, instead, the same is effected from the account by way of Standing instruction/ NACH etc. There may be some other deductions in the account of the spouse also which also need to be properly understood and considered. If any fresh loan is availed for which installment is yet to commence, the same also need to be considered from the due date of installment payment. The total of the deductions so arrived is to be reduced from the gross monthly income to arrive at the net monthly income.

c.Calculation of FOIR (Fixed Obligation to Income Ratio)

This is the most popular parameter that banks use to calculate the loan eligibility of the applicant. This is also called the debit to income ratio. The fixed obligations here will include the EMI (installment) of the proposed loan also apart from other existing monthly pay outs. All the obligations so arrived at are added to get the total obligations. The ratio of the total obligations so arrived at to the total income as assessed under (a) above is the FOIR.

If we are able to calculate the gross income, net income and FOIR correctly and tie up the monthly EMI payments through salary deduction or NACH, we can be sure that there will not be any defaults in such loans. However, if we fail to identify any existing obligations of the applicant correctly, it will put pressure on the EMI payments of the applicant which can lead to defaults.

to be continued..

RBI's BI MONTHLY MONETARY POLICY STATEMENT – OCTOBER 2024

The Monetary Policy Committee of RBI with new external members met on 7th, 8th and 9th October, 2024. After assessing the evolving macroeconomic and financial conditions and outlook, the MPC decided to keep the policy Repo rate unchanged at 6.50 per cent. Consequently the standing deposit facility rate (SDF) remains unchanged at 6.25 per cent and the marginal standing facility (MSF) rate and Bank Rate at 6.75 per cent. The stance remains changed to "neutral" .

Assessment of Domestic growth and Inflation:

Real GDP grew by 6.7 percent in Q1 of FY 25 led by revival in private consumption and improvement in investment. Government expenditure, on the other hand, contracted during the quarter. On the supply side, gross value added expanded by 6.8 per cent surpassing the GDP growth, aided by strong industrial and services sector activities. On the demand side, rural demand is trending upwards while urban demand continues to hold firm. Investment activity remains buoyant with

government capex rebounding from a contraction observed in the first quarter.

Headline CPI inflation softened significantly in July and August, with base effect playing a major role in July. Food inflation experienced a certain degree of correction with considerable divergence within food sub groups.

Statement on Developmental and Regulatory Policy measures:

1. Responsible Lending Conduct – Levy of Foreclosure Charges/ Pre-payment Penalties on Loans:

   With a view to safeguard customers' interest through better transparency and customer centricity by lenders, it has been decided NOT to levy foreclosure charges/ pre-payment penalties on any floating rate term loans extended to Micro and Small Enterprises by regulated entities.

2. Discussion Paper on Capital Raising Avenues for Primary (Urban) Co-operative Banks:

   A Working Group was constituted in RBI to further operationalize the broad based recommendations of the Expert Committee (chaired by Shri. N S. Vishwanathan, former Deputy Governor, RBI) on the newly enabled capital related provisions. Based on the recommendations of the Working Group, a Discussion Paper on Capital Raising Avenues for Primary (Urban) Co-operative Banks will be issued for eliciting feedback and suggestions from stakeholders.

3. Creation of Reserve Bank Climate Risk Information System (RB-CRIS):

   Reserve Bank proposes to create a data repository namely, Reserve Bank – Climate Risk Information System (RB-CRIS) comprising of two parts. The first part will be web based directory listing various data sources which will be publicly accessible in the RBI website. The second part will be a data portal comprising of datasets, the access to which will be made available only to the regulated entities in a phased manner.

4. UPI – Enhancement of Limits:

   i. UPI123Pay: This facility was launched to enable feature phone users to use UPI.

   ii. The limit under this facility will be enhanced to Rs.10000 per transaction from the present Rs 5000 per transaction.

   iii. UPI Lite: To widen the scope of this facility, it has been decided to enhance the UPI Lite wallet limit to Rs 5000 and per transaction limit to Rs 1000/- from the existing limits of Rs 2000/- and Rs 500/- respectively.

4. Introduction of beneficiary account name look up facility.

   Payment Systems like UPI and IMPS provide a facility to the remitter to verify the name of the receiver (beneficiary) before initiating a payment transaction. There have been requests to introduce such a facility for RTGS and NETF systems. Accordingly, to enable remitters in RTGS and NEFT to verify the name of the beneficiary account holder before initiating funds transfer, it is now proposed to introduce a 'beneficiary account name look up facility'. Remitters can input the account number and branch IFSC code of the beneficiary, following which the name of the beneficiary will be displayed.

കോട്ടയത്ത് മലയാള മനോരമ സമ്പാദ്യം മാസിക സംഘടിപ്പിക്കുന്ന ഫിനാൻഷ്യൽ എക്സ്പോയിൽ കേരള ബാങ്ക് സ്റ്റാൾ ബഹു. സഹകരണ, തുറമുഖം, ദേവസ്വം വകുപ്പ് മന്ത്രി ശ്രീ. വി .എൻ. വാസവൻ സന്ദർശിച്ചപ്പോൾ. കേരള ബാങ്ക് ഡയറക്ടർ ശ്രീ. കെ. ജെ. ഫിലിപ്പ് കുഴികുളം, ബാങ്ക് കോട്ടയം റീജണൽ മാനേജർ, ശ്രീമതി ലതാ പിള്ള, ബാങ്ക് ഉദ്യോഗസ്ഥർ എന്നിവർ സമീപം

വിജിലൻസ്ബോധവൽക്കരണ വാരത്തിന്റെ ഭാഗമായി കേരള ബാങ്ക്തിരുവനന്തപുരം റീജിയൻ സംഘടിപ്പിച്ച വിജിലൻസ്ബോധവൽക്കരണ പരിപാടി ബാങ്ക്ബോർഡ്ഓഫ്മാനേജ്മെൻറ്ചെയർമാൻ ശ്രീ. വി. രവീന്ദ്രൻ ഉദ്ഘാടനം ചെയ്തു. ബാങ്ക് ഡയറക്ടർ അഡ്വ. എസ് ഷാജഹാൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഡയറക്ടർ അഡ്വ.ജി ലാലു, ബോർഡ് ഓഫ് മാനേജ്മെൻറ് അംഗം ശ്രീ. ബി.പി.പിള്ള എന്നിവർ സംസാരിച്ചു. ചടങ്ങിൽ ബാങ്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ശ്രീ ജോർട്ടി എം ചാക്കോ വിജിലൻസ് ബോധവത്കരണ പ്രതിജ്ഞ ചൊല്ലി ക്കൊടുത്തു. നബാർഡ് ഡെപ്യൂട്ടി ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീ. ജയിംസ് പി ജോർജ് മുഖ്യപ്രഭാഷണം നടത്തി. തിരുവനന്തപുരം റീജണൽ ജനറൽ മാനേജർ ശ്രീ. ഫിറോസ് ഖാൻ പി. എം സ്വാഗതവും തിരുവനന്തപുരം സിപിസി ഡിജിഎം ശ്രീ.വിനീത് പി. എസ് നന്ദിയും പറഞ്ഞു. കേരള ബാങ്കിലെ ഉദ്യോഗസ്ഥർ, അംഗസംഘങ്ങളായ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിലെ പ്രതിനിധികൾ, സ്വയം സഹായ സംഘങ്ങളിലെ അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

കേരള ബാങ്ക് മൽസ്യകർഷകർക്ക് അനുവദിക്കുന്ന വിവിധ വായ്പാ സ്കീമുകളെ സംബന്ധിച്ച് എറണാകുളം ചുള്ളിക്കൽ എം.കെ.രാഘവൻ ഹാളിൽ ശിൽപശാല സംഘടിപ്പിച്ചു. കേരള ബാങ്ക് മട്ടാഞ്ചേരി ശാഖയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ശിൽപശാലയിൽ സംസ്ഥാന ഫിഷറീസ് വകുപ്പ്, ADAK, MPEDA എന്നിവർ സാങ്കേതിക പരിജ്ഞാനം നൽകി. ബാങ്കിൻ്റെ ബിസ്സിനസ്സ് പ്ലാനിംഗ് ആൻ്റ് കോ-ഓപ്പറേറ്റിവ് ക്രഡിറ്റ് വിഭാഗം ബാങ്കിന്റെ വായ്പാ പദ്ധതികൾ വിശദീകരിച്ചു. ശിൽപശാല കൊച്ചി MLA ശ്രീ.കെ.ജെ മാക്സി ഉൽഘാടനം ചെയ്തു.കേരള ബാങ്ക് റിസോഴ്സ് പേഴ്സൺ ശ്രീ. കുമാർ അധ്യക്ഷപദം അലങ്കരിച്ച യോഗത്തിൽ കേരള ബാങ്ക് മട്ടാഞ്ചേരി ശാഖാ മാനേജർ ആർ.ശ്യാം രാജ് സ്വാഗതം ആശംസിച്ചു. പള്ളുരുത്തി സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡൻ്റ് ശ്രീ. കെ പി ശെൽവൻ, മൽസ്യതൊഴിലാളി കടാശ്വാസ കമ്മിഷൻ അംഗം ശ്രീ. ആൻറണി ഷീലൻ എന്നിവർ സംസാരിച്ചു. ബാങ്ക് റിസോഴ്സ് പേഴ്സൺ ശ്രീ.ഷാജി സക്കറിയ, ADAK ഫാം മാനേജർ ശ്രീ. ജോസഫ് കെ.എം, MPEDA ജൂനിയർ ടെക്നിക്കൽ ആഫീസർ ശ്രീമതി. മഞ്ജുഷ എന്നിവർ ശിൽപശാലയ്ക്ക് നേതൃത്വം നൽകി. കൊച്ചി, ഞാറയ്ക്കൽ, തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിലെ 300 ഓളം വരുന്ന പരമ്പരാഗത മത്സ്യകർഷകരും, ഫാം കർഷകരും ശിൽപശാലയിൽ പങ്കെടുത്തു.കേരള ബാങ്ക് എറണാകുളം ഏരിയ മാനേജർ ശ്രീമതി രാജലക്ഷ്മി കൃതജ്ഞത രേഖപ്പെടുത്തി.

കോഴിക്കോട്: വിജിലൻസ് ബോധവൽക്കരണ വാരാചരണത്തിൻ്റെ ഭാഗമായി കേരള ബാങ്ക് കോഴിക്കോട് റീജിയണൽ ഓഫീസിൻ്റെ ആഭിമുഖ്യത്തിൽ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു. കേരള ബാങ്ക് കോഴിക്കോട് റീജണൽ ഓഫീസ് ഓഡിറ്റോറിയത്തിൽ നടന്ന പരിപാടിയിൽ റീജണൽ ജനറൽ മാനേജർ ശ്രീ. ഷിബു എം.പി അദ്ധ്യക്ഷതവഹിച്ചു. സീനിയർ സിവിൽ പോലീസ് ഓഫീസർ ആൻ്റ് ട്രെയിനർ (ക്രൈം ബ്രാഞ്ച് കോഴിക്കോട്) ശ്രീ. റിജേഷ് പ്രമോദ് എസ് ആർ ക്ലാസെടുത്തു.

നബാർഡിന്റെ PACS as MSC വായ്പാ പദ്ധതി സഹായം - വിജയഗാഥകൾ

1981-ലെ നബാർഡ് നിയമത്തിലെ സെക്ഷൻ 25 (i) (a) വ്യവസ്ഥകൾ പ്രകാരം അംഗീകൃത ധന കാര്യ സ്ഥാപനങ്ങൾക്ക് കൃഷി അനുബന്ധ പ്രവർത്തനങ്ങൾക്കും, ഗ്രാമീണ ഓഫ്-ഫാം മേഖലക്കും (കൃഷിയിടത്തിന് പുറത്തുള്ള കൃഷി അനുബന്ധപ്രവൃത്തികൾ ഉൾക്കൊള്ളുന്ന മേഖല) ദീർഘകാല റീഫിനാൻസ് വായ്പാ വിതരണത്തിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ള ഒരു പദ്ധതിയാണ് PACS as MSC എന്ന പ്രത്യേക ദീർഘകാല റീഫിനാൻസ് പദ്ധതി. കേരളത്തിൽ സംഘങ്ങളെ ബഹുമുഖ സേവന കേന്ദ്രങ്ങളായി മാറ്റുന്നതിന് ഉതകുന്ന പ്രവർത്തികൾ ഏറ്റെടുക്കുന്നതിന് പിന്തുണ നൽകാനായി നബാർഡ് കേരള സംസ്ഥാന സഹകരണ ബാങ്കിന് (കേരള ബാങ്ക്) ഇളവോടെ റീഫിനാൻസ് അനുവദിക്കുന്നു. 183 പദ്ധതികളുടെ നടത്തിപ്പിനായി മൊത്തം 37,634 ലക്ഷം രൂപയുടെ റീ ഫിനാൻസിന് അംഗീകാരം നൽകിയിട്ടുണ്ട്. PACS as MSC ഉപയോഗിച്ച് പ്രവർത്തനം നടത്തുന്ന വാരപ്പെട്ടി സർവ്വീസ് സഹകരണ സംഘം , കൊടിയത്തൂർ സർവ്വീസ് സഹകരണ സംഘം, കടക്കൽ സർവ്വീസ് സഹകരണ സംഘം എന്നീ മൂന്ന് സംഘങ്ങളുടെ വിജയഗാഥകളിലേക്ക് ഈ ലേഖനം വെളിച്ചം വീശുന്നു.

അഗ്രോ-പ്രോസസ്സിങ്ങ്, മൂല്യവർദ്ധിത കേന്ദ്രവുമായി വാരപ്പെട്ടി

എറണാകുളം ജില്ലയിൽ കോതമംഗലം ബ്ലോക്കിലുള്ള വാരപ്പെട്ടി ഗ്രാമത്തിലെ ഏകദേശം 15, 000 കർഷകരുടെ വായ്പ ആവശ്യങ്ങൾ നിറവേറ്റുന്ന വാരപ്പെട്ടി സർവീസ് സഹകരണ ബാങ്ക് (VSCB) കേരള ബാങ്കിൻറെ സാമ്പത്തിക സഹായവും നബാർഡ് റീ ഫിനാൻസും ഉപയോഗിച്ച് മൾട്ടി കമോഡിറ്റി അഗ്രോ പ്രോസസ്സിങ്ങിനും മൂല്യ വർദ്ധിത സൗകര്യത്തിനുമായി ഒരു കേന്ദ്രം സ്ഥാപിച്ചു. 200 ലക്ഷം രൂപ വരെയുള്ള വായ്പാ തുകയ്ക്കുള്ള എഐഎഫ് പദ്ധതി (അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട്) പ്രകാരമുള്ള പലിശ ഇളവ് ഉൾപ്പെടെയുള്ള 300 ലക്ഷം രൂപ വായ്പ സഹിതം 334 ലക്ഷം രൂപയാണ് പദ്ധതിയുടെ ആകെ അടങ്കൽ. അംഗങ്ങളായ കർഷകർ വളർത്തിയെടുക്കുന്ന പ്രധാന ഭക്ഷ്യവിളകളായ തേങ്ങ, മരിച്ചീനി, ചക്ക, വാഴപ്പഴം, പൈനാപ്പിൾ എന്നിവയ്ക്കുള്ള കാർഷിക സംസ്കരണ സൗകര്യമാണ് വാരപ്പെട്ടി ഗ്രീൻ പ്രോഡക്റ്റ്സ്. ഫുഡ് ഗ്രേഡ് വെളിച്ചെണ്ണ, ചക്ക, മരിച്ചീനി, പൈനാപ്പിൾ, വാഴപ്പഴം എന്നിവയിൽ നിന്നുള്ള റെഡി–ടു–ഈറ്റ്, റെഡി–ടു–കുക്ക് ഉൽപ്പന്നങ്ങളാണ് വാരപ്പെട്ടിയുടെ നിർമ്മാണ കേന്ദ്രത്തിൽ നിന്നുള്ള പ്രധാന ഉൽപ്പന്നങ്ങൾ.

വിശദമായ വിപണി പഠനത്തിനുശേഷം VSCB വെളിച്ചെണ്ണ ഒഴികെയുള്ള അവരുടെ ഉൽപ്പന്നങ്ങളുടെ കയറ്റുമതി വിപണത്തിനായി പ്രവർത്തനങ്ങൾ ആരംഭിച്ചു. കേരള സഹകരണ മന്ത്രി ശ്രീ. വി.എൻ വാസവൻ VSCB–യുടെ ആദ്യ ചരക്ക് അമേരിക്കൻ മാർക്കറ്റിലേക്ക് അയക്കുന്ന വാൻ ഫ്ലാഗ് ഓഫ് ചെയ്തു. അമേരിക്ക ഓസ്ട്രേലിയ ന്യൂസിലാൻഡ് എന്നീ രാജ്യങ്ങളിലെ വിവിധ നഗരങ്ങളിൽ VSCB സ്വന്തം പേരിൽ കൺസ്യൂമർ പാക്കുകളിലും കയറ്റുമതി വ്യാപാരികളുടെ ബ്രാൻഡ് പേരിലും വിപണനം നടത്തുന്നു. ഓൺലൈൻ വിൽപനയ്ക്കായി VSCB അവരുടെ ഉൽപ്പന്നങ്ങൾ വിവിധ ഇ–പ്ലാറ്റ്ഫോമിൽ ലഭ്യമാക്കിയിട്ടുണ്ട്.

വെളിച്ചെണ്ണ സംസ്കരണ യൂണിറ്റുമായി കൊടിയത്തൂർ

കോഴിക്കോട് കൊടിയത്തൂർ സഹകരണ സംഘം കർഷക സമൂഹത്തോടുള്ള പ്രതിബദ്ധതയുടെ ഭാഗമായി, 2021ൽ AIF പദ്ധതി പ്രകാരം 200 ലക്ഷം രൂപ വരെയുള്ള വായ്പയിൽ പലിശ ഇളവോടെ നബാർഡിൽ നിന്നും മൊത്തം 500 ലക്ഷം രൂപയുടെ റീ ഫിനാൻസിന്റെ സഹായത്തോടെ ആധുനിക വെളിച്ചെണ്ണ ഉത്പാദന സൗകര്യം സ്ഥാപിച്ചു.

പ്രതിദിനം 25 ടൺ നാളികേരം സംസ്കരിച്ച് 7.5 ടൺ ഉണക്ക കൊപ്ര ഉത്പാദിപ്പിക്കുന്നു. ഇതിൽ നിന്ന് 5000 ലിറ്റർ ഫുഡ് ഗ്രേഡ് വെളിച്ചെണ്ണ ഉണ്ടാക്കുകയും ചെയ്യുന്നു. അവരുടെ ഉൽപ്പന്നങ്ങൾ വെള്ളിവെളിച്ചെണ്ണ എന്ന ബ്രാൻഡിൽ സംസ്ഥാനത്തുടനീളം വിപണനം ചെയ്യുന്നു.

കർഷകർക്ക് മികച്ച വരുമാനവും ഉപഭോക്താവിനു മായം കലരാത്ത ഉൽപ്പന്നങ്ങൾ ന്യായമായ വിലയിൽ നൽകുന്നതിനായി ഒരു പാക്സിന് എങ്ങനെ ബഹുമുഖ സേവന കേന്ദ്രമെന്ന നിലയിൽ ഫലപ്രദമായി തങ്ങളുടെ പ്രവർത്തനങ്ങൾ വൈവിധ്യവൽക്കരിക്കാനാകും എന്നതിന്റെ ഒരു ഉദാഹരണമാണ് കൊടിയത്തൂർ സർവീസ് സഹകരണ സംഘം.

കൊല്ലം കടയ്ക്കൽ സർവ്വീസ് സഹകരണ സംഘത്തിന്റെ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ

2021- 22 വർഷം കേരളത്തിലെ മികച്ച സംഘമായി തിരഞ്ഞെടുത്ത കടയ്ക്കൽ സഹകരണ സംഘത്തിന് PACS as MSC പദ്ധതി പ്രകാരം 10 കോടി രൂപയുടെ സഹായം നൽകിയിരുന്നു. പദ്ധതിയുടെ മൊത്തം അടങ്കൽ 5325 ലക്ഷം രൂപയാണ്. പദ്ധതി വളരെ ചുരുങ്ങിയ കാലാവധിയായ ഒന്നര വർഷം കൊണ്ട് പൂർത്തീകരിച്ചു.

കടയ്ക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജി (KIMSAT) കടയ്ക്കൽ സംഘത്തിന്റെ ഒരു സഹോദര സ്ഥാപനമാണ്. ഏറ്റവും മികച്ച നിലവാരത്തിലുള്ള കാത്ത് ലാബ്, മദർ ആൻഡ് ബേബി കെയർ, CT സ്കാൻ, ബ്ലഡ് ബാങ്ക്, ഡയാലിസ് യൂണിറ്റ്, 24 മണിക്കൂർ ഫാർമസി, ഐസി ആംബുലൻസ് സർവീസ് എന്നീ സൗകര്യങ്ങൾ ഉൾപ്പെടുന്ന മികച്ച മെഡിക്കൽ ടീമുള്ള 15 ഡിപ്പാർട്ട്മെൻറുകളും 150 ബെഡിലുള്ള ആശുപത്രിയാണ് KIMSAT. എല്ലാ വിഭാഗങ്ങളിലുമുള്ള ആളുകൾക്ക് താങ്ങാവുന്ന ചെലവിൽ നൂതന വൈദ്യ സഹായം നൽകുന്ന KIMSAT സംസ്ഥാനത്തെ ഒരു സഹകരണ സംഘം ആരംഭിക്കുന്ന ആദ്യത്തെ ഒരു സംരംഭം ആണ്.

ആശുപത്രി മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. ഫാർമസി ബ്ലോക്കിന്റെ ഉദ്ഘാടനം നബാർഡ് സിജിഎം ആയിരുന്ന ഡോ. ഗോപകുമാരൻ നായർ നിർവഹിച്ചു. ധനകാര്യ മന്ത്രി ശ്രീ കെ. എൻ. ബാലഗോപാൽ, മൃഗസംരക്ഷണ, ക്ഷീര വികസന വകുപ്പ് മന്ത്രി ശ്രീമതി ചിഞ്ചു റാണി, എംപിമാർ, എംഎൽഎമാർ എന്നിവർ ഉദ്ഘാടന ചടങ്ങിൽ സന്നിഹിതരായിരുന്നു.

QUIZ TIME

1. `Working for a World Free of Poverty' is the motto of
2. In which of the following year was Lead Bank Scheme finalised?
3. FINO stands for ________
4. How many Public Sector Banks are there in India at present
5. Who was chairman of R.B.I committee which made recommendations On COVID-19 related stressed loans ?
6. In how many languages is the amount written on the bank note?
7. What is LTV in banking terminology?
8. Who is known as father of banking reforms in India ?
9. Banks listed in 2 nd schedule of RBI act are described as
10. Government securities are issued for a maximum period of :

Answer Key

1.World Bank, 2.1969, 3.Financial Inclusion Network and Operations, 4.12, 5..K.V. Kamath, 6.15, 7.Loan to Value, 8.M. Narasimham, 9.Scheduled Banks, 10.30 years



Printed & Published by Customer Aquisition and Marketing Division, Kerala State Co-operative Bank Head Office, Cobank towers, Palayam, Vikas Bhavan.P.O, Thiruvananthapuram-695033; under assistance from Cooperative Development Fund of NABARD.
For Private Circulation Only. Ref.KB/Mktg/PR/2021.
Layout, Design & Printed at Orange Printers Pvt. Ltd., Thiruvananthapuram-695001. Ph: 0471 4010 905